# അക്കാഡമിക്
# മാസ്റ്റർ പ്ലാൻ

എസ് കെ വി ഹൈസ്കൂൾ,
കടമ്പാട്ടുകോണം
വെട്ടിയിറ പി ഒ., നാവായിക്കുളം
തിരുവനന്തപുരം.
ഫോൺ: **8304008533**

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതുവിദ്യാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളാണ്. കൃത്യമായ പ്രവർത്തന പദ്ധതികളുടെ ഏകോപനവും ആണ് പൊതുവിദ്യാലയങ്ങളെ മികവിന്റെ തലത്തിലേക്ക് ഉയർത്തുന്നത്. അധ്യാപക രക്ഷാകർതൃ ഊഷ്മളത ഇതിന് ശക്തി പകരുന്നു. കടമ്പാട്ട് ഗുണം നിവാസികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവും ആയ ഉയർച്ചയ്ക്കുവേണ്ടി കിഴക്കതിൽ വീട്ടിൽ ശ്രീ പി. എം.

കൃഷ്ണക്കുറുപ്പ് അവർകൾ 1957-ൽ യുപി സ്കൂൾ ആയി ഈ സരസ്വതി ക്ഷേത്രം പ്രവർത്തനമാരംഭിച്ചു. 1982-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.

| | HS | UP |
|---|---|---|
| Total no. of Teachers | 16 | 10 |
| Total no. of Students | Boys - 186<br>Girls - 170<br>Total - 356 | Boys - 132<br>Girls - 146<br>Total - 278 |

| Non Teaching staffs |
|---|
| Clerk - 1 |
| OA. - 2 |
| FTM - 1 |
| Cook - 1 |

ഇവിടെ പഠിച്ച വിദ്യാർഥികൾ സമൂഹത്തിലെ നാനാതുറകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും ഔദ്യോഗികമായ ഉന്നത പദവികൾ അലങ്കരിക്കുകയും ചെയ്യുന്നുണ്ട്. പാഠ്യപാഠേതര വിഷയങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച് കലാകായിക പ്രതിഭകളെ വാർത്തെടുക്കാനും വിജയങ്ങൾ നേടിയെടുക്കാനും സ്കൂളിന് കഴിയുന്നുണ്ട്. വിദ്യാർഥികൾക്ക് ആവശ്യത്തിന് ക്ലാസ് മുറികളും, കമ്പ്യൂട്ടർ റൂം സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി, ലബോറട്ടറി എന്നിവയും സ്കൂളിനുണ്ട്.

ഓരോ കുട്ടികൾക്കും ഓരോ അധ്യാപകർക്കും തങ്ങളുടെ സ്കൂളിനെ കുറിച്ച് അഭിമാനിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് നമ്മുടെ കൂട്ടായ്മയിലൂടെ നടത്തുന്നത്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും സ്കൂളിൽ നടന്നു വരുന്നു. പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ ആക്കുന്നതിന് വേണ്ടിയുള്ള പദ്ധതി എല്ലാ ദിവസവും സ്കൂളിൽ നടന്നു വരുന്നു. കഠിനപ്രയത്നത്തിന്റെയും ഒത്തൊരുമയുടെയും ഫലമായി നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞ ഈ വിജയങ്ങൾ നമ്മുടെ പ്രയാണത്തിന് തീർച്ചയായും പ്രചോദനമായിരിക്കും. ഇനിയുള്ള നമ്മുടെ ലക്ഷ്യവും തുടർവിജയങ്ങളും അക്കാദമിക രംഗത്തെ മികച്ച വിജയങ്ങളുമാണ്. കൂടുതൽ കരുത്തോടെ നമ്മുടെ കുഞ്ഞുങ്ങളെ അതിന് പ്രാപ്തരാക്കുവാൻ വേണ്ടിയാണ് 2025-26 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ സ്വായത്തമാക്കാനുദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ.

## അക്കാദമിക പ്രവർത്തനങ്ങൾ

ഓരോ മേഖലയും എടുത്ത് പ്രവർത്തന പദ്ധതി തയ്യാറാക്കൽ. പൊതു ലക്ഷ്യങ്ങളിൽ എത്തിച്ചേരുന്ന അക്കാദമിക പ്രവർത്തനങ്ങൾ എന്നിവരെയും പരിഗണിക്കണം. പദ്ധതിയുടെ ലക്ഷ്യങ്ങൾ നടപ്പാക്കുന്ന രീതി, സമയക്രമം, ചുമതല, സാമ്പത്തിക വിശകലനം എന്നിവ വേണം. ഓരോ പ്രവർത്തന പദ്ധതിയ്ക്കും അനിയോജ്യമായ പ്രവർത്തന കലണ്ടർ വേണം. മോണിറ്ററിംഗ് എങ്ങനെയെന്ന് വ്യക്തമാക്കണം.

## ഭാഷാവികാസം

ലക്ഷ്യങ്ങൾ ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി )

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും, എഴുതുന്നു എന്നും ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെന്ന് ഉറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

# മലയാളം

# ആമുഖം

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹിക ജീവിതത്തില് ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. സംസ്ഥാനത്ത് നടന്ന പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ ഫലമായി ഭാഷാ പാഠപുസ്തകങ്ങള്, പഠനരീതി, മൂല്യനിർണയം എന്നിവയിൽ ഗുണപരമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആശയങ്ങളിൽ നിന്ന് ഭാഷയുടെ അടിസ്ഥാനഘടകങ്ങളായ അക്ഷരം, പദം, വാക്യം എന്നിവയിലേക്ക് പോകുന്ന സമീപനത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനും, വായനയിലേയും എഴുത്തിലേയും കൃത്യതയും സൂക്ഷ്മതയും ഉറപ്പാക്കുന്നതുമായ രീതിയാണ് ഭാഷാപാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്.

ഇതിലേക്കായി മലയാളം വിഷയത്തിന്റെ അക്കാദമിക പ്രോജക്ട് ഇവിടെ സമർപ്പിക്കുന്നു. വിശദമായ ചർച്ചക്കുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കാൻ നമുക്ക് കഴിയണം.

യു.പി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലിയിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സംസാരിക്കുന്നു. അതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു. | ആഴ്ചയിൽ രണ്ട് ദിവസം. | 5<br>6<br>7 | ക്ലാസ് ടീച്ചർ | |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>മലയാളം ഡിജിറ്റൽ ലൈബ്രറി | 1. Pre test<br>2. അക്ഷരകാർഡ് നൽകൽ<br>3. വാക്കുകൾ എഴുതിയ കാർഡ്<br>4. ചിത്രം - അടിക്കുറുപ്പ്<br>5. ചിത്രം - കഥപറയൽ<br>6. കഥ - ബാക്കി എഴുതൽ<br>7. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br>8. വായനയുടെ ഡിജിറ്റൽ വിഭവങ്ങൾ ശേഖരിച്ച് | രണ്ട് മാസം (ജൂൺ,ജൂലൈ) | 5<br>6<br>7 | ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | | ഇ.വായന പോത്സാഹിപ്പിക്കുക. | | | | |
| 3. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായവക്കൂട്ടം) | 1. ചിത്രം - അടിക്കുറുപ്പ്<br>2. ചിത്രം - കഥപറയൽ<br>3. കഥാപുസ്തകം - നൽകൽ<br>4. കഥ - വികസിപ്പിക്കൽ<br>5. വായനമൂല - ക്ലാസ് ലൈബ്രറി രൂപികരിക്കൽ<br>6. വായനോത്സവം സംഘടിപ്പിക്കൽ<br>7. പത്ര വായന<br>8. അമ്മ വായന<br>9. വായനാനുഭവം പങ്കുവയ്ക്കൽ | ജൂൺ,ജൂലൈ, ആഗസ്റ്റ് | 5 | ക്ലാസ് ടീച്ചർ | |
| 4. | അർത്ഥപൂർണ്ണമായ വായന | (ഐ.സി.റ്റി ഉപയോഗപ്പെടുത്തുന്നു)<br>1. പത്രവാർത്തയും വിശകലനവും<br>2. പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി വായന<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കൽ <u>മെച്ചപ്പെട്ടകുട്ടികൾക്ക്</u><br>4. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ - ആഴ്ചയിൽ ഒരു പുസ്തകം<br>5. വായനക്കുറിപ്പ് തയ്യാറാക്കൽ | സെപ്തംബർ, ഒക്ടോബർ | 6<br>7 | ഭാഷാ-ധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | | 6. വായനപതിപ്പ് | | | | |
| 5. | സർഗ്ഗശേഷി വികസിപ്പിക്കൽ | 1. കഥയുടെ സന്ദർഭത്തിന് അനുസരിച്ച് ചിത്രരചന<br>2. കഥ വികസിപ്പിക്കൽ<br>3. ഇഷ്ടമുള്ള ഈണം തിരഞ്ഞെടുത്ത് കവിതാരചന<br>4. പതിപ്പ് തയ്യാറാക്കൽ<br>5. നാടക രചന<br>6. ശില്പശാല<br>7. അഭിമുഖം ( ഐ.സി.റ്റി ഉപയോഗപ്പെടുത്തുന്നു) | നവംബർ, ഡിസംബർ | 5<br>6<br>7 | ഭാഷാ-ധ്യാപകർ | |
| 6. | 1.കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ബന്ധപ്പെട്ട കളികളിൽ ഏർപ്പെടുന്നതിന്.<br>2.കടങ്കഥകൾ, പഴഞ്ചൊല്ലുകൾ മുതലായവ ജീവിത സന്ദർഭ - ങ്ങളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നതിന്.<br>3.വിവിധ വസ്തുക്കളുമായി ബന്ധപ്പെട്ട പുതിയ കടങ്കഥകൾ നിർമ്മിക്കുന്നതിന്. | 1. കടങ്കഥകൾ, പഴഞ്ചൊല്ലുകൾ മുതലായവ താളാത്മകമായി അവതരിപ്പിക്കണം.<br>2. വസ്തുക്കളുടെ പ്രത്യേകത കളികളുമായി ബന്ധപ്പെടുത്തി പുതിയ കടങ്കഥകൾ നിർമ്മിക്കാൻ അവസരം നൽകണം.<br>(കുട, മുടി മുതലായവ) | ജനുവരി ഫെബ്രുവരി | 5<br>6<br>7 | ഭാഷാ-ധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | 4.വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പുതിയ ചൊല്ലുകൾ നിർമ്മിക്കുന്നതിന്.<br>5.ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനത്തിന് താല്പര്യം ജനിപ്പിക്കൽ.<br>6.ദൈനംദിന ഭാഷാപ്രയോഗം, ഉച്ചാരണപ്രയോഗം തുടങ്ങിയവ മനസിലാക്കൽ.<br>7.LSRW, Listening, Speaking, Reading, Writing ശേഷി വർദ്ധിപ്പിക്കുന്നതിന്. | കടങ്കഥാ മത്സരം<br>കടങ്കഥാശേഖരണം<br>പതിപ്പ്<br>1. മാസികകളുടെ പ്രദർശനം, തരംതിരിക്കൽ, കൊളാഷ് നിർമ്മാണം, ചിത്രം വരയ്ക്കൽ, കളറിംഗ്<br>2. റേഡിയൊ, ടി.വി, മലയാളം പ്രോഗ്രാമുകൾ( ഐ.സി.റ്റി സാധ്യതകള് ഉപയോഗപ്പെടുത്തുന്നു)<br>3. ആക്ടിംഗ് സോംഗ്, മൂകാഭിനയം, പോസ്റ്റർ രചന | ജനുവരി<br>ഫെബ്രുവരി | 5<br>6<br>7 | | |

എച്ച്.എസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായവക്കൂട്ടം) | 1. ചിത്രം - അടിക്കുറുപ്പ്<br>2. ചിത്രം - കഥപറയൽ<br>3. കഥാപുസ്തകം - നൽകൽ<br>4. കഥ - വികസിപ്പിക്കൽ<br>5. വായനമൂല - ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>6. വായനോത്സവം സംഘടിപ്പിക്കൽ<br>7. പത്ര വായന<br>8. അമ്മ വായന<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>(ഐ.സി.റ്റി ഉപയോഗപ്പെടുത്തുന്നു) | ജൂൺ,ജൂലൈ, ആഗസ്റ്റ് | എച്ച്. എസ് | ഭാഷാ ധ്യാപകൻ | SSA<br>PTA |
| 2. | അർത്ഥപൂർണ്ണമായ വായന | 1. പത്രവാർത്തയും വിശകലനവും<br>2. പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി വായന<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കൽ<br>മെച്ചപ്പെട്ടകുട്ടികൾക്ക് | സെപ്തംബർ- ഒക്ടോബർ | എച്ച്. എസ് | ഭാഷാ ധ്യാപകൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | 4. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ - ആഴ്ചയിൽ ഒരു പുസ്തകം<br>5. വായനക്കുറിപ്പ് തയ്യാറാക്കൽ<br>6. വായനപതിപ്പ് | | | | |
| 3. | സർഗ്ഗശേഷി വികസിപ്പിക്കൽ | 1. കഥയുടെ സന്ദർഭത്തിന് അനുസരിച്ച് ചിത്രരചന<br>2. കഥ വികസിപ്പിക്കൽ<br>3. ഇഷ്ടമുള്ള ഈണം തിരഞ്ഞെടുത്ത് കവിതാരചന<br>4. പതിപ്പ് തയ്യാറാക്കൽ<br>5. നാടക രചന<br>6. ശില്പശാല<br>7. അഭിമുഖം | നവംബർ-ഡിസംബർ | എച്ച്. എസ് | മലയാള അധ്യാപകൻ | SSA<br>PTA |
| 4. | 1.കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ബന്ധപ്പെട്ട കളികളിൽ ഏർപ്പെടുന്നതിന്.<br>2.കടങ്കഥകൾ, പഴഞ്ചൊല്ലുകൾ മുതലായവ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടു-ത്തി വ്യാഖ്യാനിക്കുന്നതിന്.<br>3.വിവിധ വസ്തുക്കളുമായി | 3. കടങ്കഥകൾ, പഴഞ്ചൊല്ലുകൾ മുതലായവ താളാത്മകമായി അവതരിപ്പിക്കണം.<br>4. വസ്തുക്കളുടെ പ്രത്യേകത കളികളുമായി ബന്ധപ്പെടുത്തി പുതിയ കടങ്കഥകൾ നിർമ്മിക്കാൻ അവസരം നൽകണം.(കൂട, മൂടി മുതലായവ) | ജനുവരി-ഫെബ്രുവരി | എച്ച്. എസ് | മലയാള അധ്യാപകൻ | |

| | | | | | | |
|---|---|---|---|---|---|---|
| | ബന്ധപ്പെട്ട പുതിയ കടങ്കഥകൾ നിർമ്മിക്കിക്കുന്നതിന്. | | | | | |
| | 4.വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പുതിയ ചൊല്ലുകൾ നിർമ്മിക്കുന്നതിന്. | കടങ്കഥാമത്സരം<br>കടങ്കഥാശേഖരണം<br>പതിപ്പ് | | | | |
| 5. | ഐ.സി.റ്റി മുഖേന മലയാള ഭാഷാധ്യാപനം കൂടുതൽ സുഗമമാക്കുന്നു. | ഐ.സി.റ്റി മുഖേന വായനസാമഗ്രിയുടെ ഡിജിറ്റൽ വിഭവങ്ങൾ ചെറിയ കഥകൾ,കാർട്ടൂൺ, സിനിമ തുടങ്ങിയവ കാണിക്കുന്നു. | | എച്ച്. എസ് | | |
| 6. | ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനത്തിന് താല്പര്യം ജനിപ്പിക്കുന്നതിന്. | മാസികകളുടെ പ്രദർശനം, തരംതിരിക്കൽ, കൊളാഷ് നിർമ്മാണം, ചിത്രം വരക്കൽ, കളറിംഗ് | മാസത്തിലൊരിക്കൽ | എച്ച്. എസ് | | |
| 7. | ദൈനംദിന ഭാഷാപ്രയോഗം, ഉച്ചാരണ പ്രയോഗം തുടങ്ങിയവ മനസിലാക്കുക. | റേഡിയോ, ടി.വി, മലയാളം പ്രോഗ്രാമുകൾ, ഐ.സി.റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു | മാസത്തിലൊരിക്കൽ | | | |
| 8. | LSRW ശേഷി വർദ്ധിപ്പിക്കുന്നതിന്. | ആക്ഷൻ സോംഗ്, മൂകാഭിനയം, പോസ്റ്റർ രചന | ആഴ്ചയിൽ ഒരു ദിവസം | എച്ച്. എസ് | | |

# ENGLISH

# INTRODUCTION

The basic factor of education is language. So the study of language has its own aim. Acquiring mastery of English language a difficult proposition, that is the general feeling of the society. There is a common misconception among the public that only students studying in other syllabuses have the calibre to excel in English language.

In our academic master plan we have meticulously introduced several activities to achieve their language goals effectively. We also use the medium of ICT, the study of English language become easier and enjoyable to all students.

**Activity : Preparation of English Identity Card**

**Subj. Area : English language learning**

HS & U.P

| No. | Objectives | Process | Period | Charge | Expenditure |
|---|---|---|---|---|---|
| 1. | To write their name and age , address correctly | Students prepare their own details like name, age, address etc | June | Class Teacher | 300/- |

**Activity : English Assembly**

**Area : English language learning**

| | | | | | |
|---|---|---|---|---|---|
| 2. | To develop language learning skills effectively | Students conduct English assembly twice in a month | Twice in month | Class Teacher | |

**Activity : Prepare English dictionary**

**Area : English language learning**

| | | | | | |
|---|---|---|---|---|---|
| 3. | To promote reading and writing skills | Students prepare English dictionary the difficult words in each lessons | Once in a month | English Teacher | |

| | | | | | |
|---|---|---|---|---|---|
| **Activity : Manuscript Magazine**<br>**Area : English language learning** | | | | | |
| 4. | To provide opportunity for creative writing and team work | Students prepare their own creative work like stories, poems, pictures, riddles etc | Once in a year | English Teacher | |
| **Activity : Prepare acrostic poem**<br>**Area : English language learning** | | | | | |
| 5. | To enhance creative skills in writing | Write poems using the letters of their names | June | English Teacher | |
| **Activity : English corner**<br>**Area : English language learning** | | | | | |
| 6. | To create English reading habit | Students collect, exhibit and reads English magazines, story books, news paper in their class rooms | One year | English Teacher | |

| | | | | | |
|---|---|---|---|---|---|
| **Activity : English speaking course**<br>**Area : English language learning** | | | | | |
| 7. | To increase the confidence among students to speak English fearlessly | Teachers give chances to listen different audio clips (ICT) | Once in a month | English Teacher | 300/- |
| **Activity : English carnival**<br>**Area : English language learning** | | | | | |
| 8. | To express their creative skills | Students exhibit their own products and other items collected by them | Annually | English Teacher | 300/- |
| **Activity : Preparation of newspaper**<br>**Area : English language learning** | | | | | |
| 9. | To develop the skills of reading and writing | Students collect news and exhibit in the chart paper | Monthly | English Teacher | 100/- |

**Activity : Preparation of English Identity Card**

**Subj. Area : English language learning**

**H.S**

| No. | Objectives | Process | Period | Charge | Expenditure |
|---|---|---|---|---|---|
| 1. | To write their name and age , address correctly | Students prepare their own details like name, age, address etc | June | Class Teacher | 300/- |

**Activity : Formation of English club**

**Area : English language learning**

| | | | | | |
|---|---|---|---|---|---|
| 2. | To develop interest in different learning activities | Students engage in different activities like preparing notices, posters etc. according to the importance of the day | One year | English Teacher | |

**Activity : English assembly**

**Area : English language learning**

| | | | | | |
|---|---|---|---|---|---|
| 3. | To develop language learning skills effectively | Students conduct English assembly twice in a month | Once in a month | Class Teacher | |

| | | | | | |
|---|---|---|---|---|---|
| **Activity : English Diary**<br>**Area : To develop writing skills** | | | | | |
| 4. | To develop writing skills | Students record their day today events in the diary | All working days | English Teacher | |
| **Activity : English Theatre**<br>**Area : English language** | | | | | |
| 5. | To develop creative skills | Students enact different discourses like skit, role play, conversation etc based on their course book | Once in a month | English Teacher | |
| **Activity : Letter writing**<br>**Area : English language learning** | | | | | |
| 6. | To promote writing skills | Students share their day today experiences in the form of their letters to their friends | Once in a week | English Teacher | |

| | | | | | |
|---|---|---|---|---|---|
| **Activity : Preparation of School Lore**<br>**Area : English language learning** | | | | | |
| 7. | To enhance creative skills | Students recollect their personal experiences of school life and write it in the form of stories | Once in a month | English Teacher | |
| **Activity : English corner**<br>**Area : English language learning** | | | | | |
| 8. | To create English reading habit | Students collect and exhibit English magazines story books etc in their own class rooms. They read and share the interesting things among them | Everyday | English Teacher | |
| **Activity : Story/Poem-Time**<br>**Area : English language learning** | | | | | |
| 9. | To enhance creative skills in writing | Conduct story/poem writing competition | Quarterly | English Teacher | |

| | | | | | |
|---|---|---|---|---|---|
| **Activity : Manuscript magazine**<br>**Area : English language learning** | | | | | |
| 10. | To provide opportunity for creative wring and team work | Students prepare their own creative works like poems, stories, various collections etc | Twice in a year | English Teacher | |
| **Activity : English speaking course**<br>**Area : English language learning** | | | | | |
| 11. | To increase the level of confidence among students to speak English fearlessly | Teachers give chances to listen different audio clips (ICT) | Once in a month | English Teacher | 300/- |
| **Activity : English carnival**<br>**Area : English language learning** | | | | | |
| 12. | To express their creative skills | Students exhibits their own products and other items collected by them | Annually | English Teacher | 300/- |

# ഹിന്ദി

# ആമുഖം

ത്രിഭാഷാപദ്ധതി പൂർണ്ണമായി നടപ്പിലാക്കിയിട്ടുള്ള കേരളത്തിൽ രാഷ്ട്രഭാഷയായ ഹിന്ദിക്ക് പ്രമുഖ സ്ഥാനമാണുള്ളത്. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും രാഷ്ട്രഭാഷയായ ഹിന്ദിയെ പരിഗണിക്കേണ്ടതുണ്ട്. ഭാഷ ധാരാളമായി പ്രയോഗിച്ച് ഭാഷാപരമായി പ്രാവീണ്യം നേടുവാൻ കുട്ടികളെ സജ്ജരാക്കുന്നു. മനുഷ്യസംസ്കാരത്തിനും, വിജ്ഞാനത്തിനും, ചിന്തയ്ക്കും, സാമൂഹ്യബോധനത്തിനും ഉതകുന്ന വിധത്തിൽ രാഷ്ട്രഭാഷാധ്യാപനത്തിലൂടെ കുട്ടികളെ പ്രാപ്തരാക്കുന്നു. പാഠ ഭാഗങ്ങളുമായി ബന്ധിപ്പിച്ചു നൽകുന്ന പഠന പ്രവർത്തനങ്ങളുടെ ഫലമായി അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങള് എന്നിവ കുട്ടികളിൽ രൂപപ്പെടുന്നു. കുട്ടികളുടെ വികാസസാദ്ധ്യതകൾ സാക്ഷാത്കരിക്കാൻ സജീവമായ ഇടപെടലുകൾ ഹിന്ദി ഭാഷാപഠനത്തിലൂടെ ലഭ്യമാകുന്നു.

**പ്രവർത്തനത്തിന്റെ പേര് : തിരിച്ചറിയൽ കാർഡ്**

ഉപമേഖല : ഹിന്ദി ഭാഷാപഠനം

U.P

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം/ മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. | ഹിന്ദി ഭാഷാപഠനം ആകർഷകവും രസകരവുമായി നടത്താനുള്ള ശേഷി കൈവരിക്കുക | 5 മുതൽ 6 ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്സ്, അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തി ഹിന്ദിയിൽ തിരിച്ചറിയൽ കാർഡ് | 2018 ജൂൺ | ഹിന്ദി അധ്യാപകൻ | സംഭാവന/ എച്ച്.എം |

**പ്രവർത്തനത്തിന്റെ പേര് : ആഴ്ചയിലെ വാക്ക്**

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| | | | | | |
|---|---|---|---|---|---|
| 2. | ഹിന്ദി തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുക | 5 മുതൽ 6 ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും എല്ലാ ആഴ്ചയിലും ഓരോ പുതിയ വാക്ക് പരിചയപ്പെടുത്തുന്നു | ഒരു വർഷം | ഹിന്ദി അധ്യാപകൻ | എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ക്ലാസ് ലൈബ്രറി | | | | | |
| 3. | എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഒരുക്കുക | ഓരോ ക്ലസിന്റെയും നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുക | ആഗസ്റ്റ് - ജനുവരി | ക്ലാസ്സ് ടീച്ചർ | എച്ച്.എം |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡിജിറ്റൽ ലൈബ്രറി | | | | | |
| 4 | ഐ.സി.റ്റി മുഖേന ഹിന്ദി ഭാഷാധ്യാപനം സുഗമമാക്കുക | ഐ.സി.റ്റി മുഖേന വായനാ സാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ, ചെറുകഥകൾ, കാർട്ടൂൺ, സിനിമ എന്നിവ കാണിക്കുന്നു | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി അസംബ്ലി | | | | | |
| 5. | സ്കൂളിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ ഹിന്ദിയിൽ സംസാരിച്ച് മുഴുവൻ പരിപാടികളും | ജൂൺ - ഫെബ്രുവരി | ഹിന്ദി ക്ലബ്ബ് | എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| | | ഹിന്ദിയിൽ അവതരിപ്പിക്കുന്നു. | | | |
| **പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ ഹിന്ദിയിൽ** | | | | | |
| 6. | സ്കൂളിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക | ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നു | ജൂൺ - ഫെബ്രുവരി | ഹിന്ദി ക്ലബ്ബ് | എച്ച്.എം |
| **പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡയറി** | | | | | |
| 7. | തെറ്റില്ലാതെ ഹിന്ദി എഴുതാനുള്ള ശേഷി നേടുക | ഓരോ ദിവസവും വിദ്യാലയത്തിലും വീടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ എഴുതുക | ആഗസ്റ്റ് - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| **പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ബാലസഭ** | | | | | |
| 8. | ഹിന്ദി ഭാഷയെ | മാസത്തിൽ ഒരു ദിവസം | ആഗസ്റ്റ് | ഹിന്ദി ക്ലബ്ബ്. | എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| | ആകർഷകവും രസകരവുമാക്കി ഭാഷയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു | ഹിന്ദിയിൽ എഴുതിയ കുട്ടികളുടെ സർഗ്ഗവിഭവങ്ങൾ ക്ലാസുകളിൽ പരിചയപ്പെടുത്തുന്നു. | മുതൽ | അധ്യാപകൻ | |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി നാടകം | | | | | |
| 9. | ഹിന്ദി ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു | പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ നാടകാവിഷ്കാരം നടത്തുന്നു. വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കുന്നു | ജൂലൈ മുതൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി കൈയ്യെഴുത്തുമാസിക | | | | | |
| 10. | സർഗ്ഗാത്മക രചന കൈവരിക്കുന്നതിനുള്ള ശേഷി നേടുന്നു | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടുത്തി കൈയ്യെഴുത്തുമാസിക | ജൂൺ - ജനുവരി | ഹിന്ദി അധ്യാപകൻ | PTA<br>എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| | | തയ്യാറാക്കുന്നു. ഭിന്നശേഷിക്കായി അവരെ ഉൾപ്പെടുത്തി ചിത്രങ്ങൾ, കളറിംഗ്, കൊളാഷ് നിർമ്മാണം എന്നിവ നടത്തുന്നു | | | |
| പ്രവർത്തനത്തിന്റെ പേര് : ആശംസാകാർഡ് നിർമ്മാണം | | | | | |
| 11. | ഭാഷ ആകർഷകവും രസകരവും ലളിതവുമാക്കുക | ജന്മദിനം, ദിനാചരണങ്ങൾ, വിശേഷ ദിവസങ്ങൾ ഇവയുമായി ബന്ധപ്പെട്ട് കാർഡ് തയ്യാറാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി ക്ലബ്ബ്, അധ്യാപകൻ | എച്ച്.എം |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി സാഹിത്യോത്സവം | | | | | |
| 12. | ഹിന്ദി ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു | സാഹിത്യോത്സവത്തിൽ പങ്കെടുക്കാൻ കുട്ടികളെ തയ്യാറാക്കുന്നു | ആഗസ്റ്റ് മുതൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| <u>പ്രവർത്തനത്തിന്റെ പേര് : ആശയവിനിമയം തയ്യാറാക്കൽ</u> | | | | | |
| 13. | വ്യാകരണശുദ്ധിയോടെ ഹിന്ദി എഴുതാനും വായിക്കാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | ചെറു സംഭാഷണങ്ങൾ തയ്യാറാക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| <u>പ്രവർത്തനത്തിന്റെ പേര് : ഭാഷാനൈപുണികളുടെ വികാസം</u> എച്ച്.എസ് | | | | | |
| 14. | സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും ഭാഷാനൈപുണികളുടെ വിശകലനത്തിനും ഹിന്ദി ഭാഷാപഠനം രസകരമാക്കുന്നതിനും | സ്കിറ്റ്, കവിതാലാപനം, നാടകം, താളംകൊടുക്കൽ, അടിക്കുറിപ്പെഴുത്തു മത്സരം, വാക്യപിരമിഡുകൾ, കവിതാ പൂർത്തീകരണം, പദമാറ്റം, ക്രമപ്പെടുത്തൽ, ചേരുപടി ചേർക്കൽ | മാസത്തിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| 15. | എണ്ണാൻ പഠിക്കുക, | സംഖ്യകൾ, ആഴ്ചകൾ, | മാസത്തിൽ | ഹിന്ദി | എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| | ആഴ്ചകൾ, മാസങ്ങൾ, ഋതുക്കൾ തുടങ്ങിയവ മനസിലാക്കുക | മാസങ്ങൾ, ഋതുക്കൾ തുടങ്ങിയവ ഉപയോഗിച്ചുള്ള കളികൾ | ഒരിക്കൽ | അധ്യാപകൻ | |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ക്ലാസ്സ് ലൈബ്രറി | | | | | |
| 16. | എല്ലാ കുട്ടികൾക്കും ഹിന്ദി പുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ ഒരുക്കുക | ഓരോ ക്ലാസ്സിന്റെയും നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുക | ആഗസ്റ്റ് മുതൽ | ക്ലാസ്സ് ടീച്ചർ | ഹിന്ദി അധ്യാപകൻ |
| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡിജിറ്റൽ ലൈബ്രറി | | | | | |
| 17. | ഐ.സി.റ്റി മുഖേന ഹിന്ദി ഭാഷാധ്യാപനം കൂടുതൽ സുഗമമാക്കുന്നു | ഐ.സി.റ്റി മുഖേന വായനാസാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ, ചെറിയ കഥകൾ, കാർട്ടൂൺ, സിനിമ എന്നിവ കാണിക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| | | | | | |

| പ്രവർത്തനത്തിന്റെ പേര് : ഭിന്നശേഷിക്കാർക്കായി ഹിന്ദി ഭാഷാവികാസം | | | | | |
|---|---|---|---|---|---|
| 18. | LSRW ശേഷി വികസിപ്പിക്കുന്നതിന് | ആക്ഷൻ സോംഗ്, മൂകാഭിനയം, പോസ്റ്റർ രചന | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനത്തിന് താല്പര്യം ജനിപ്പിക്കുന്നതിന് | ഹിന്ദി മാസികകളുടെ പ്രദർശനം, തരംതരിക്കൽ, കൊളാഷ് നിർമ്മാണം, ചിത്രം വരയ്ക്കൽ, കളറിംഗ് | മാസത്തിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| | എണ്ണാൻ പഠിക്കുക, ആഴ്ചകൾ, മാസങ്ങൾ, ഋതുക്കൾ തുടങ്ങിയവ മനസിലാക്കുന്നു | സംഖ്യകൾ, , മാസങ്ങൾ, ഋതുക്കൾ തുടങ്ങിയവ ഉപയോഗിച്ചുള്ള കളികൾ, കവിതകൾ | മാസത്തിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| 19. | ഭാഷാനൈപുണികളുടെ വികാസം, സർഗ്ഗാത്മക വികാസം, ആധുനിക | ഹിന്ദി ലാബ്, പുസ്തകങ്ങൾ, പത്രങ്ങൾ, ഇന്റർനെറ്റ് | ഒരു വർഷം | ജില്ലാ പഞ്ചായത്ത് 3 ലക്ഷം | എച്ച്.എം |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഭാഷാപഠനം | സൗകര്യത്തോടുകൂടിയുള്ള ക്ലാസ്സ് മുറി, പ്രൊജക്ടറുകൾ, ലാപ്ടോപ് തുടങ്ങിയവയുടെ സൗകര്യം പ്രയോജനപ്പെടുത്തുക | | | |
| 20. | സർഗ്ഗാത്മക കഥ, Creativity തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക | സ്വന്തം ഡയറിക്കുറിപ്പ് പരിചയപ്പെടുത്തൽ, കത്തെഴുത്ത്, ക്ലാസ്റൂം മാഗസിൻ തയ്യാറാക്കൽ പ്രകാശനം, വിലയിരുത്തൽ | മാസത്തിൽ ഒരിക്കൽ | പി.റ്റി.എ | ഹിന്ദി അധ്യാപകൻ |
| 21. | പൊതുവിജ്ഞാനം വളർത്തുന്നതിന് | പുതിയ വാക്ക് പരിചയപ്പെടൽ, മഹത് വചനങ്ങൾ, ക്ലാസ്സ് ബോർഡിലും സ്കൂൾ ബോർഡിലും പ്രദർശിപ്പിക്കൽ | ജൂലൈ മുതൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |

| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡയറി | | | | | |
|---|---|---|---|---|---|
| 22. | തെറ്റില്ലാതെ ഹിന്ദി എഴുതാനുള്ള ശേഷി നേടുക | ഓരോ ദിവസവും വിദ്യാലയത്തിലുമ വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ എഴുതുക | ജൂലൈ മുതൽ | ഹിന്ദി അധ്യാപകൻ | എച്ച്.എം |
| 23. | വിദ്യാലയത്തിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു. കുട്ടികൾക്ക് ഹിന്ദി ആസ്വാദ്യകരവും രസകരവും ഫലപ്രദവുമായി നടത്താനുള്ള ശേഷി കൈവരിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ ഹിന്ദിയിൽ സംസാരിച്ച് മുഴുവൻ പരിപാടികളും (പ്രാർത്ഥന, വാർത്ത വായന, പ്രതിജ്ഞ, കലാപരിപാടികൾ) അവതരിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി ക്ലബ്ബ് | പി.റ്റി.എ |

# അടിസ്ഥാനശാസ്ത്രം

# ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം. ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവം അതേ സാഹചര്യത്തിൽ മറ്റു വ്യക്തികൾക്കും ഉണ്ടാവുന്നുവെങ്കില് അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. ഇത്തരം അനുഭവങ്ങളെ മുൻ അനുഭവങ്ങളുടെ വെളിച്ചത്തില് വ്യാഖ്യാനിക്കുന്നു. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകള് നമുക്ക് അനുഭവവേദ്യമാകുന്നത്.

മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിക്ക് നമ്മെ സഹായിക്കും. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്. യുക്തമായ ചോദ്യങ്ങള് ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണ വിചാരം ഫലപ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്ര പഠനരീതി. ഈ രീതി സ്വായത്തമാക്കിയ സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും നിലനിൽക്കില്ല. ആ സമൂഹം ചൂഷണത്തിനും, തട്ടിപ്പുകൾക്കും വിധേയമാവുകില്ല. അതിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്. ജീവിതത്തിന്റെ സമസ്ത പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതുകൊണ്ടുതന്നെ ഊർജ്ജത്തെക്കുറിച്ചും പദാർത്ഥങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചുമൊക്കെയുള്ള വിവരശേഖരണം മാത്രമായി ശാസ്ത്രപഠനം ഒതുങ്ങുന്നത്. അതിനുമപ്പുറം ശാസ്ത്രപഠനത്തിന് വ്യക്തമായ ലക്ഷ്യം ഉണ്ട്.

യു.പി

| നം. | ലക്ഷ്യം | പ്രവർത്തനം | സമയ പരിധി | ചുമതല | ക്ലാസ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തുന്നതിനും ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് | 1. കുട്ടിയുടെ മുന്നറിവ് പരിശോധിക്കുന്നതിനായി നാല് ശാസ്ത്ര ഉപകരണങ്ങൾ ( ലഘു യന്ത്രങ്ങൾ ) ക്ലാസ്സിൽ പ്രദർശിപ്പിച്ച് പേര് എഴുതാൻ ആവശ്യപ്പെട്ടു കുട്ടികളെ തരം തിരിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. ശാസ്ത്രാഭിരുചി വളർത്താൻ ശ്രദ്ധാ ലാബ് പരിചയപ്പെടുത്തൽ. ദൈനംദിനം ഉപയോഗിക്കുന്ന ശാസ്ത്രവുമായി ബന്ധപ്പെട്ട ഉപരണങ്ങൾ പരിചയപ്പെടുത്തല്. അതിന്റെ പിന്നിലെ ശാസ്ത്ര തത്വങ്ങൾ | ജൂൺ | ശാസ്ത്രാധ്യാപകൻ | 5,6,7 | | BRC |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കണ്ടെത്തൽ. | | | | | |
| | | 2. ശാസ്ത്ര പുസ്തക വായന - വായനാമൂലയിൽ നിന്നും ശാസ്ത്ര പുസ്തകങ്ങൾ ( ഡയജസ്റ്റ്, ശാസ്ത്ര കേരളം തുടങ്ങിയവ) വായനക്കായി നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ശാസ്ത്രാധ്യാപകൻ | 5,6,7 | | അധ്യാപകർ, PTA |
| | | 3. സയൻസ് കിറ്റ് പ്രയോജനപ്പെടുത്തൽ (കുട്ടികൾ നിർമ്മിച്ച ലിറ്റ്മസ് പേപ്പർ, മെഴുകുതിരി, വിവിധതരം കുപ്പികൾ എന്നിവ ഉൾക്കൊള്ളുന്ന കുട്ടികൾക്ക് ശേഖരിക്കാൻ കഴിയുന്ന വസ്തുക്കൾ അടങ്ങിയവ) | ദൈനംദിനം | കുട്ടികൾ | 5,6,7 | | 5,6,7 |
| | | 4. | | | | | |
| 2. | ലൈബ്രറി ശാക്തീകരണം | 4. നിലവിൽ ലഭ്യമായ ശാസ്ത്ര പുസ്സകങ്ങളെ ഇനം തിരിച്ച് തരംതിരിക്കൽ | ജൂൺ | കുട്ടികൾ | 5,6,7 | | ശാസ്ത്രാധ്യാപകൻ |
| | | 5. ഓരോ ക്ലാസ്സിലും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് | ജൂൺ, ജൂലൈ | ശാസ്ത്രാധ്യാപകൻ | 5,6,7 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തയ്യാറാക്കുന്നു.<br>6. പാഠാസൂത്രണത്തിന്റെ ഭാഗമായി സബ്ജക്ട് കൗൺസിലിന്റെ നേതൃത്വത്തിൽ പുസ്തക വിതരണ സൌകര്യം ഒരുക്കുന്നു. ഓരോ ക്ലാസ്സിൽ നിന്നും ഓരോ കുട്ടിയെ ലൈബ്രേറിയനായി തിരഞ്ഞെടുക്കുന്നു. | മാസതതി തൊരിക്കൽ | ശാസ്ത്രാ ധ്യാപകൻ | 5,6,7 | | അധ്യാപ കർ |
| | | 7. ലൈബ്രറി ചുമരുകളില് ശാസ്ത്രതത്വങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു.<br>5. ശാസ്ത്രദിനാചരങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ആഘോഷങ്ങൾ എന്നിവ നടത്തുന്നു. | ജൂൺ | ശാസ്ത്രക്ല ബ്ബ് | 5,6,7 | | അധ്യാപ കർ |
| 3. | ജലലഭ്യത ഉറപ്പുവരുത്തുന്നതി നും, കാർഷികാവശ്യങ്ങള് നിറവേറ്റുന്നതിനും | 6. മഴവെള്ള സംഭരണി നിർമ്മി ക്കൽ , സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ വീഴുന്ന ജലം പൈപ്പുകൾ വഴി ശേഖരിക്കുന്ന മഴവെള്ള സംഭരണി (10000 | ഒരു വർഷം | PTA, പൂർവ്വ വിദ്യാ ർത്ഥകൾ | | 2 ലക്ഷം | അധ്യാപ കർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ലിറ്റർ) നിർമ്മിക്കൽ | | | | | |
| 4. | ലാബ് ശാക്തീകരിക്കൽ | 7. ലാബിൽ ഷെൽഫുകൾ നിർമ്മിക്കൽ, ക്ലാസ് മുറി ക്രമീകരിക്കൽ<br>വർക്കിംഗ് ടേബിൾ<br>ഹൈടെക് ലാബ് | ഒരു വർഷം | PTA, പൂർവ്വ വിദ്യാർത്ഥികൾ | | | അധ്യാപകർ |
| 5. | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | 8.ബോധവൽക്കരണ പ്രവർത്തനങ്ങൾ ( ചിത്രരചനാ മത്സരം, കാർട്ടൂൺ പ്രദർശനം, പ്ലാസ്റ്റിക് രഹിത വസ്തുക്കളുടെ നിർമ്മാണം പരിചയപ്പെടുത്തൽ. പേപ്പർ പേന, പേപ്പർ സഞ്ചി തുടങ്ങിയവ) | ഒരു വർഷം | കലാപ്രവൃത്തി പരിചയ അധ്യാപകർ | | 5 ലക്ഷം | അധ്യാപകർ |
| 6. | കാർഷികാഭിരുചി വളർത്തുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനും | 9. പ്രാദേശിക കൃഷിഭവന്റെ സഹായത്തോടെ പുതിയ വിത്തിനങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷി- പച്ചക്കറികൾ സ്കൂൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു.<br>ഫലവൃക്ഷങ്ങൾ, ഔഷധ | ഒരു വർഷം | കുട്ടികൾ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സസ്യങ്ങൾ എന്നിവ നട്ടുപിടിപ്പിക്കൽ | | | | | |

പരിമിതികൾ

- ലാബിന്റെ ശോചനീയാവസ്ഥ
- ജലദൌർഭ്യം
- ലൈബ്രറിയിലെ പരിമിതി
- സാമ്പത്തിക പരിമിതി

## കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനം | സമയപരിധി | ക്ലാസ് | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്ര അഭിരുചി വളർത്തുന്നതിനും ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും | രസതന്ത്ര പരീക്ഷണങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ (ബീക്കർ, പിപ്പറ്റ്, ബ്യൂറെറ്റ്, സെപ്പറേറ്റിംഗ് ഫണൽ)കുട്ടികളെ കാണിച്ച് മുന്നറിവ് പരിശോധിക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെകണ്ടെത്തി ശാസ്ത്ര അഭിരുചി വളർത്തുന്നതിന് ശ്രദ്ധാ ലാബ് പരിചയപ്പെടുത്തുന്നു. ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ | 8,9 | ശാസ്ത്രാധ്യാപകർ | DIET BRC | BRC |
| | ❖ ശാസ്ത്ര പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും കുട്ടികൾക്ക് വായനയ്ക്കായി | ആഴ്ചയിൽ ഒരു ദിവസം | 8,9 | ശാസ്ത്രാധ്യാപകർ | School high-tech Lab | |

| | | | | | | |
|---|---|---|---|---|---|---|
| | ക്ലാസുകളിൽ നല്കുന്നു.(ഡയജസ്റ്റ്, രാസകേരളം, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ) ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി ഇ.റീഡിംഗിനുള്ള സാഹചര്യം ഒരുക്കുന്നു. | | | | | |
| | ❖ സയൻസ് കിറ്റ് പ്രയോജനപ്പെടുത്തൽ ( പ്രകൃതിദത്ത സൂചകങ്ങൾ,ടെസ്റ്റ്യൂബുകൾ, വാട്ടർ ബോട്ടിൽ) ക്ലാസിൽ പരീക്ഷണങ്ങൾ ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. | ദൈനം | 8,9 | ശാസ്ത്രാധ്യാപകർ | | കുട്ടികൾ |
| ലാബ് ശാക്തീകരണം | ❖ ഷെൽഫുകൾ നിർമ്മിക്കൽ<br>❖ ലാബിൽ ക്ലാസ്മുറി ക്രമീകരിക്കൽ<br>❖ വർക്കിംഗ് ടേബിൾ | First term | 8,9 | കുട്ടികളും അധ്യാപകരും | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈബ്രറി ശാക്തീകരണം<br><br>നൃൂതന | ❖ ലാബ് ഉപകരണങ്ങളും രാസവസ്തുക്കളും തരംതിരിക്കലും.ലേബിംഗ്<br>❖ നിലവിൽ ലഭ്യമായ ശാസ്ത്ര പുസ്തകങ്ങൾ തരംതിരിക്കുന്നു<br>❖ ഓരോ ക്ലാസിലും ഉപയോഗിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>❖ പഠാനുസൃതണത്തിന്റെ ഭാഗമായി സബ്ജക്ട് കൌൺസിലിന്റെ നേതൃത്വത്തിൽ പുസ്തകവിതരണമൊരുക്കുന്നു.<br>❖ സ്കൂള് ലാബിൽ ശാസ്ത്രതത്വങ്ങൾ, പീരിയോഡിക് ടേബിൾ ഇവ പ്രദർശിപ്പിക്കുന്നു.<br>❖ ശാസ്ത്ര ദിനാചരണം, ക്ലബ്ബ് പ്രവർത്തനം, | ജൂൺ, ജൂലൈ<br><br>ആഴ്ചയിൽ ഒരിക്കൽ<br><br>ശാസ്ത്രക്ലാസ് അംഗങ്ങൾ വർഷം | 8,9 | അധ്യാപകർ, കുട്ടികൾ | | |

| | | | | | | |
|---|---|---|---|---|---|---|
| കണ്ടുപിടിത്തങ്ങളിൽ ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടത്തൽ | മോക്ക്ഡ്രേ.. <br>❖ ഇ-റീഡിംഗ്,വിവരശേഖരണ പുസ്തകം തയ്യാറാക്കൽ <br>❖ നെറ്റ് സൗകര്യം പ്രയോജനപ്പെടുത്തൽ <br>❖ ശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദരെക്കൊണ്ട് ക്ലാസുകൾ നയിപ്പിക്കൽ | വർഷം | 8,9 | അധ്യാപകർ. PTA | DIET | PTA Fund |

ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനം | സമയപരിധി | ക്ലാസ് | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1.എല്ലാ കുട്ടികളിലും ശാസ്ത്ര അഭിരുചി വളർത്തുന്നതിനും ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്ന | 1. ഭൗതികശാസ്ത്രവുമായി ബന്ധപ്പെട്ട് ചില ഉപകരണങ്ങൾ ക്ലാസിൽ പ്രദർശിപ്പിച്ച്കൊണ്ട് മുന്നറിവ് പരിശോധന. | ജൂൺ | 8,9 | ശാസ്ത്രാധ്യാപകർ | BRC &DIET | |

| | | | | | | |
|---|---|---|---|---|---|---|
| തിനും മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ | കുട്ടികളെ തരംതിരിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ശാസ്ത്ര അഭിരുചി വളർത്തുന്നതിന് ശ്രദ്ധ ലാബ് പരിചയപ്പെടുത്തല്. ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ അവയുടെ പിന്നിലെ ശാസ്ത്ര തത്വം, ശാസ്ത്രജ്ഞർ എന്നിവ കണ്ടെത്തൽ | ജൂൺ | 8,9 | ശാസ്ത്രാധ്യാപകർ | School high-tech lab | |
| | 2. ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തി ശാസ്ത്ര പുസ്തകങ്ങൾ വായനയ്ക്കായി കുട്ടികൾക്ക് നൽകുന്നു. കൂടാതെ എ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി ഇ-റീഡിംഗ് അവസരം ഒരുക്കുന്നു. | ദൈനംദിനം | 8,9 | അധ്യാപകർ | കുട്ടികൾ | |
| 2. ലാബ് ശാക്തീകരണം | 3. സയൻസ് കിറ്റ് പരിചയപ്പെടുത്തൽ - കുട്ടികൾ നിർമ്മിച്ച ശാസ്ത്ര ഉപകരണങ്ങൾ അവയുടെ പ്രവർത്തനം ക്ലാസിൽ നടത്തുന്നു.<br><br>ഷെൽഫുകൾ നിർമ്മിക്കൽ ലാബിൽ ക്ലാസ്മുറികൾ | മൂന്ന് മാസം | 8,9 | അധ്യാപകർ | കുട്ടികൾ അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 3. ലൈബ്രറി ശാക്തീകരണം | ക്രമീകരണം<br>വർക്കിംഗ് ടേബിൾ<br>ഹൈടെക് ലാബ്<br>കുട്ടികൾക്ക്<br>പരീക്ഷണങ്ങൾ<br>ചെയ്യാൻ<br>പര്യാപ്തമായ<br>സൌകര്യം ഒരുക്കൽ<br>വിഷയാടിസ്ഥാനത്തിൽ<br>ഭൌതികശാസ്ത്ര<br>ഉപകരണങ്ങൾ<br>ക്രമീകരിക്കൽ | ജൂൺ, ജൂലൈ | 8,9 | അധ്യാപകർ | കുട്ടികൾ<br>അധ്യാപകർ | |
| | ഭൌതികശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഇനംതിരിച്ച് തരംതിരിക്കൽ.<br>ഓരോ ക്ലാസിലും ഉപയോഗിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>പാഠാസൂത്രണത്തിന്റെ ഭാഗമായി സബ്ജക്ട് കൌൺസിൽ നേതൃത്വത്തിൽ പുസ്ത വിതരണ സൌകര്യം ഒരുക്കുന്നു. | മാസത്തിലൊരിക്കൽ | 8,9 | അധ്യാപകർ | കുട്ടികൾ | |
| | ശാസ്ത്ര ദിനാചരണങ്ങൾ, ചന്ദ്രദിനം മുതലായവ ആചരിക്കൽ | മാസം തോറും | 8,9 | ശാസ്ത്ര ക്ലബ്ബ് | | |
| 4. നൂതന കണ്ടുപിടിത്തങ്ങളിൽ | ഇ-<br>റീഡിംഗ്,വിവരശേഖര | | 8,9 | അധ്യാപകർ | DIET | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തൽ | ണ പുസ്തകം തയ്യാറാക്കൽ നെറ്റ് സൌകര്യം പ്രയോജനപ്പെടുത്തൽ ശാസ്ത്ര മേഖലയില് പ്രവർത്തിക്കുന്ന വിദഗ്ദരെക്കൊണ്ട് ക്ലാസുകൾ നയിപ്പിക്കൽ | വർഷം | | പി.റ്റി.എ | | PTA Fund |

ബയോളജി

| ലക്ഷ്യം | പ്രവർത്തനം | സമയപരിധി | ക്ലാസ് | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1.എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തുന്നത്തുന്നതിനും ദൈദംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും | കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനായി പ്രധാന അവയവങ്ങളായ തലച്ചോറ്, ഹൃദയം, വൃക്കകൾ, കണ്ണ് എന്നിവയുടെ മോഡൽ പ്രദർശിപ്പിക്കുന്നു. പേര് എഴുതാൻ കുട്ടികളോട് | ജൂൺ | 8,9,10 | ശാസ്ത്രാധ്യാപകൻ | | BRC,DIET |

| | | | | | | |
|---|---|---|---|---|---|---|
| | ആവശ്യപ്പെടുന്നു. കുട്ടികളെ തരംതിരിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. ശാസ്ത്രാഭിരുചി വളർത്താൻ ശ്രദ്ധാ ലാബ് പരിചയപ്പെച്ചുത്തൽ. സ്കൂൾ പരിസരത്തെ ആവാസങ്ങൾ പരിചയപ്പെടുത്തൽ. നിത്യജീവിതത്തിൽ സസ്യങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ. ശാസ്ത്ര പുസ്തകങ്ങൾ സ്കൂളിലെ ലൈബ്രറിയിൽ നിന്നും കുട്ടികൾക്ക് വായനക്കായി നല്കുന്നു(ഡൈജസ്റ്റ്, ശാസ്ത്രകേരളം, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം) ഐ.സി.റ്റി ഉപയോഗപ്പെടുത്തി ഇ-റീഡിംഗിനുള്ള സാഹചര്യം ഒരുക്കുന്നു. | | | | | |
| 2.ലാബ് ശാക്തീകരണം | ലാബ് ഉപകരണങ്ങൾ, മോഡലുകൾ,ചാർട്ടുക | ജൂൺ | 8,9,10 | ശാസ്ത്രാധ്യാപക | | BRC,DIET |

| | | | | | |
|---|---|---|---|---|---|
| | ൾ എന്നിവ തരംതിരിച്ച് ലേബൽ ചെയ്ത് ക്രമീകരണം ലാബിൽ ക്ലാസ്റൂം ക്രമീകരിക്കൽ . | രണ്ടാമത്തെ ആഴ്ച | | ൻ | | |
| 4.ലൈബ്രറി ശാക്തീകരണം | • ശാസ്ത്ര മാസികകൾ( ഡൈജസ്റ്റ്, ശാസ്ത്രകേരളം, കാർഷിക മാസികകൾ) ശേഖരിക്കൽ.<br>• തരംതരിക്കൽ<br>• ക്ലാസ് തിരിച്ച് ഉപയോഗിക്കാവുന്ന പുസ്തകങ്ങൾ ക്രമീകരിക്കുന്നു. | ജൂൺ അവസാന വാരം | 8,9,10 | | | |
| | • പാഠാസൂത്രണത്തിന്റെ ഭാഗമായി സബ്ജക്ട് കൌൺസിലിന്റെ നേതൃത്വത്തിൽ പുസ്തക വിതരണത്തിന് സൌകര്യമൊരുക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | | | | |
| | • ശാസ്ത്ര ദിനാചരണങ്ങൾ ആചരിക്കുന്നു. | ശാസ്ത്രക്ലബ്ബ് അംഗങ്ങൾ | 8,9,10 | | | |

| | | | | | | |
|---|---|---|---|---|---|---|
| 5.പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | • ബോധവത്കരണ പ്രവർത്തനങ്ങൾ<br>• പ്ലാസ്റ്റിക് രഹിത വസ്തുക്കളുടെ നിർമ്മാണം പരിചയപ്പെടൽ( പേപ്പർ പേന, സഞ്ചി മുതലായവ) | വർഷം മുഴുവൻ<br>ഒരു വർഷം | 8,9,10 | Biology അധ്യാപകർ, കുട്ടികൾ | | PTA, ECO Club |
| 6.കാർഷികതോട്ടം, ഔഷധത്തോട്ടം | പ്രാദേശിക കൃഷിഭവന്റെ സഹായത്തോടെ പുതിയ വിത്തിനങ്ങൾ ഉപയോഗിച്ച് പച്ചക്കൃഷിത്തോട്ട നിർമ്മാണം<br>ഔഷധ സസ്യങ്ങൾ ശേഖരിച്ച് ഔഷധത്തോട്ട നിർമ്മാണം | വർഷം മുഴുവൻ | 8,9,10 | Biology അധ്യാപകർ, കുട്ടികൾ | | PTA, ECO Club |
| 7.ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | പ്രാദേശികമായി ലഭ്യമാകുന്നതും വംശനാശഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ കണ്ടെത്തി ജൈവവൈവിധ്യ പാർക്ക് നിർമ്മാണവും പരിപാലനവും | വർഷം മുഴുവൻ | 8,9,10 | Biology അധ്യാപകർ, കുട്ടികൾ | | PTA, ECO Club |

# സാമൂഹ്യശാസ്ത്രം

# ആമുഖം

പൊതുവായ ജീവിതഗുണമേന്മകൊണ്ട് ഇന്ത്യയ്ക്ക് മുഴുവന് മാതൃകയായ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം, പൊതുജനാരോഗ്യ രംഗത്തെ മികവ് എന്നിവയാണ് കേരളത്തിന്റെ ഈ നേട്ടത്തിന് കാരണം. ചരിത്രവും സാമ്പത്തികശാസ്ത്രവും സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചിട്ടുള്ള ആശയങ്ങളുടെയും വസ്തുതകളുടെയും വിശകലനവും വിലയിരുത്തലുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്താനുമുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് സാമൂഹ്യശാസ്ത്രപഠനത്തിന്റെ ലക്ഷ്യം. ജനാധിപത്യ ബോധം, മതനിരപേക്ഷത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്തുവാൻ സാമൂഹ്യശാസ്ത്രപഠനം കൊണ്ട് സാധിക്കുന്നു. വർത്തമാനകാല സാഹചര്യങ്ങളെ ഇന്നലകളുടെ പശ്ചാത്തലത്തില് അപഗ്രഥിച്ച് നാളയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപികരിക്കാൻ സാമൂഹ്യശാസ്ത്രപഠനം സഹായിക്കുന്നു.

# ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും സാമൂഹ്യശാസ്ത്രാഭിരുചി വളർത്തുന്നതിനും ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും ഉള്ള കഴിവ് വളർത്തിയെടുക്കുക.
2. സാമൂഹ്യശാസ്ത്രപഠനം രസകരവും ആകർഷകവുമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു
3. നമ്മുടെ രാജ്യത്തിന്റെ സംസ്കാരവും, ദേശസ്നേഹവും മതേതരത്വവും ജനാധിപത്യം, ദേശീയത എന്നിവ വളർത്തിയെടുക്കുക.
4. സാമൂഹ്യപരിഷ്കർത്താക്കൾ സ്വാതന്ത്ര്യസമര സേനാനികൾ എന്നിവരുമായി സംവദിക്കാനുള്ള അവസരം.
5. നമ്മുടെ സാംസ്കാരിക പൈതൃകത്തെയും ചരിത്രസ്മാരകങ്ങളെയും സംരക്ഷിക്കുന്നതിനും കുട്ടികളിൽ ചരിത്രാവബോധം വളർത്തിയെടുക്കുന്നതിനും.
6. ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ പട്ടികപ്പെടുത്തി വിവിധ ഉപഗ്രഹാധിഷ്ഠിത നാവിഗേഷൻ സംവിധാനങ്ങൾ തിരിച്ചറിയുന്നതിന്.
7. ഇന്ത്യയുടെ വൈവിധ്യമാർന്ന ഭൂപ്രകൃതി സവിശേഷതകൾ മനസിലാക്കി വിശകലനം ചെയ്യുന്നതിന്.
8. വിവിധതരം ഭൂപടങ്ങൾ പരിചയപ്പെടുന്നതിന്.
9. മഹാന്മാരുടെ ജീവചരിത്രം പരിചയപ്പെടുന്നതിന്.
10. വിവിധ സാമൂഹ്യ സ്ഥാപനങ്ങൾ ( പോലീസ് സ്റ്റേഷൻ, ബാങ്ക്, കൃഷിഭവൻ, പോസ്റ്റോഫീസ് എന്നിവ സന്ദർശിക്കുന്നതിന്. )
11. ചരിത്ര ദിനാചരണങ്ങൾ ആചരിക്കുന്നതിന്
12. പാഴ്വസ്തുക്കൾ ഉപയോഗിച്ച് ചരിത്ര വസ്തുക്കളുടെ നിർമ്മാണം.

13. സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തൽ.
14. ദിനാചരണവുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ നടത്തുന്നതിന്.
15. വിപ്ലവങ്ങൾ, യുദ്ധങ്ങൾ എന്നിവ പുതിയ യുഗ പിറവിക്ക് കാരണമായെന്നുള്ള അവബോധം സൃഷ്ടിക്കുന്നു.
16. പുരാവസ്തുക്കളുടെ മൂല്യം കൂട്ടി തിരിച്ചറിയുന്നു.

യു.പി

| നം. | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ്/ക്ലാസ് | ചുമതല സാമ്പത്തികം മോണിറ്ററിംഗ് | ലക്ഷ്യം |
|---|---|---|---|---|---|
| 1. | മുന്നറിവ് പരിശോധിക്കുന്നു | കുട്ടികൾ താഴ്ന്ന ക്ലാസുകളിൽ നേടിയ അറിവ് പരിശോധിക്കുന്നതിന് മുന്നറിവ് പരിശോധിക്കുന്നു.<br>മഹാന്മാരുടെ ചിത്രം കുട്ടികളെ കാണിക്കുന്നു.<br>ചിത്ര നിരീക്ഷണം നടത്തി ആരെന്ന് തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നു. | ജൂൺ<br>5,6,7 | സോഷ്യൽസയൻസ് അധ്യാപകർ | 1,2 |
| 2. | ദിനാചരണം | ദിനവുമായി ബന്ധപ്പെട്ട് ഉപന്യാസം തയ്യാറാക്കൽ.<br>ദിനങ്ങളുടെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നതിനായി ദിനവുമായി ബന്ധപ്പെട്ട് ഉപന്യാസം തയ്യാറാക്കൽ, ക്വിസ്, പ്രസംഗം, പോസ്റ്റർ നിർമ്മാണ മത്സരം | 2018-19<br>5,6,7 | സോഷ്യൽസയൻസ് ക്ലബ്ബ്, അധ്യാപകർ, PTA | 11,14 |

| | | | | | |
|---|---|---|---|---|---|
| | | എന്നിവ സംഘടിപ്പിക്കുന്നു. മെച്ചപ്പെട്ട ഉപന്യാസം, പ്രസംഗം എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | | | |
| 3. | സ്കൂൾ പാർലമെന്റ് ഭരണഘടനയിലധിഷ്ഠിതമായി സംഘടിപ്പിക്കുന്നു. | പാർലമെന്റ് ഭരണഘടനയിലധിഷ്ഠിതമായ ഒരു പാർലമെന്റ് സംവിധാനമാണ് നമ്മുടെ രാജ്യത്തിനുള്ളതായി കുട്ടികൾ തിരിച്ചറിയുന്നതിനായി സ്കൂൾ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിക്കുന്നു.<br>ക്ലാസിൽ നിയമത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനായി ലഘു നാടകങ്ങൾ സംഘടിപ്പിക്കുന്നു.<br>അതിലൂടെ അവരുടെ അവകാശങ്ങൾ, അധികാരങ്ങൾ, കടമകൾ എന്നിവ തിരിച്ചറിയുന്നു.<br>ഉദാ : ശൈശവവിവാഹം, വോട്ടവകാശം, സൌജന്യ നിർബന്ധിത വിദ്യാഭ്യാസം എന്നിവ. | 2018-19 | സോഷ്യൽസയൻസ് ക്ലബ്ബ്, അധ്യാപകർ, PTA | 3 |
| 4. | പഠനയാത്ര | ചരിത്ര മ്യൂസിയത്തിലേക്ക് കുട്ടികളെ പെങ്കടുപ്പിച്ചുകൊണ്ട് പഠനയാത്ര സംഘടിപ്പിക്കുന്നു. പുരാതനകാലത്ത് | 2018-19<br>5,6,7 | സോഷ്യൽസയൻസ് ക്ലബ്ബ്, PTA | 16 |

| | | | | | |
|---|---|---|---|---|---|
| | | ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ മൂല്യം തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുന്നു. | | | |
| 5. | ബോധവത്കരണ ക്ലാസുകൾ, നാടക അവതരണം, ഷോർട്ട് ഫിലിം പ്രദർശനം, വാർത്തകൾ ശേഖരണം, സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞ, കൗൺസിലിംഗ് ക്ലാസുകൾ | സൈബർ കുറ്റകൃത്യങ്ങൾ, ലഹരി മരുന്നുകളുടെ നിർമ്മാണം, ആത്മഹത്യ പ്രവണത തുടങ്ങിയവയുടെ ബോധവത്കരണം സമൂഹത്തിൽ ഉണ്ടാകുന്ന ഏതൊരു കാര്യത്തിന്റെയും നല്ല വശങ്ങളും ദോഷവശങ്ങളും മനസിലാക്കി പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള മനസിന് ഉടമകളാക്കുന്നു. | | സോഷ്യൽസയൻസ് ക്ലബ്ബ്, PTA | |
| 6. | അഭിമുഖം | വിവിധ സാമൂഹ്യ സ്ഥാപനങ്ങളുടെ മേധാവികളുമായി അഭിമുഖം നടത്തി ആ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു. | 2018-19 5,6,7 | സോഷ്യൽസയൻസ് ക്ലബ്ബ് | 9,10 |
| 7. | ആൽബം തയ്യാറാക്കൽ | പ്രപഞ്ചം എന്ന മഹാത്ഭുതം, വൈവിധ്യങ്ങളുടെ ലോകം, യൂറോപ്പ് പരിവർത്തന പാതയിൽ.<br>വ്യക്തിഗതമായി ആൽബം തയ്യാറാക്കി | ഹ്രസ്വകാലം 5,6,7 | സോഷ്യൽസയൻസ് ക്ലബ്ബ് | 4,7 |

| | | | | | |
|---|---|---|---|---|---|
| | | സോഷ്യൽസയൻസ് ക്ലബ്ബിൽ അവതരണം. | | | |
| 8. | ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുന്നു | ചരിത്രകാരൻമാരുടെ ജീവിതം, പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വീഡിയോ പ്രദർശനം | 5,6,7 | സ്മാർട്ട് റൂം | 4,5 |

എച്ച്.എസ്

| നം. | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ്/ക്ലാസ് | ചുമതല സാമ്പത്തികം മോണിറ്ററിംഗ് | ലക്ഷ്യം |
|---|---|---|---|---|---|
| 1. | മുന്നറിവ് പരിശോധിക്കുന്നു | കുട്ടികൾ താഴ്ന്ന ക്ലാസുകളിൽ നേടിയ അറിവ് പരിശോധിക്കുന്നതിനായി മുന്നറിവ് പരിശോധന നടത്തുന്നു. രണ്ട് മഹാന്മാരുടെ ചിത്രം കാണിക്കുന്നു. ചിത്രം തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നു. | ജൂൺ 8,9,10 | സോഷ്യൽസയൻസ് അധ്യാപകര് | 1,2 |
| 2. | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ. | ഒരു വർഷം | ബി.ആർ.സി, സോഷ്യൽസയൻസ് അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ | 6,7,8 |
| 3. | പ്രദർശനം | എച്ച്.എസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ | ജൂലൈ ആഗസ്റ്റ് | ബി.ആർ.സി സോഷ്യൽസയൻസ് | 12 |

| | | | | | |
|---|---|---|---|---|---|
| | | ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ. പ്രദർശനം ( ശേഖരണം മോഡൽസ് ) | സെപ്തംബർ | ക്ലബ്ബ്, സോഷ്യൽസയൻസ് അധ്യാപകർ | |
| 4. | അഭിമുഖം | വിവിധ സാമൂഹ്യ സ്ഥാപനങ്ങളുടെ മേധാവികളുമായി അഭിമുഖം നടത്തി ആ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കുന്നു. | 2018-19 8,9,10 | സോഷ്യൽസയൻസ് ക്ലബ്ബ് | 9,10 |
| 5. | മഴപഠനം | മഴമാപിനി നിർമ്മിച്ച് മഴയളവ് നടത്തുന്നു. | 2018 ജൂൺ - സെപ്തംബർ 8,9,10 | സോഷ്യൽസയൻസ് ക്ലബ്ബ്, PTA | 12 |
| 6. | നിയമാവബോധം വളർത്തുന്നു | നിയമങ്ങളെക്കുറിച്ചുള്ള സെമിനാർ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായത്തോടെ ഭരണഘടന നിയമപഠന സെമിനാർ. 8,9,10 ക്ലാസിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ | നവംബർ 8,9,10 | എസ്.എസ്.എ | 3,10 |
| 7. | ഡിജിറ്റൽ ആൽബം | സോഷ്യൽസയൻസ് I , II എന്നിവയിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ ഉൾപ്പെടുത്തി സ്ലൈഡ് ഡിജിറ്റല് ആൽബം എന്നിവ തയ്യാറാക്കുന്നു. | 2018-19 8,9,10 | സോഷ്യൽസയൻസ് ക്ലബ്ബ് | 6,7,8 |

| | | | | | |
|---|---|---|---|---|---|
| 8. | ചരിത്ര ലാബ് നിർമ്മാണം | ചരിത്ര പുസ്തകങ്ങൾ, ചരിത്ര രേഖകൾ, ഭൂപടം അറ്റ്ലസ്, ചിത്രങ്ങൾ, പത്രമാസികകൾ, നാണയശേഖരങ്ങൾ എന്നിവകൊണ്ട് ചരിത്രലാബ് നിർമ്മാണം. | 2018-19 എച്ച്.എസ് | സോഷ്യൽസയൻസ് ക്ലബ്ബ്, PTA | 11,12 |
| 9. | ചരിത്ര രചന | ചരിത്രാതീതകാലം മുതൽ ഇന്നുവരെയുള്ള ചരിത്ര സംഭവങ്ങള് ഉൾപ്പെടുത്തി ചരിത്ര രചന നടത്തുന്നു. | എച്ച്.എസ് | സോഷ്യൽസയൻസ് ക്ലബ്ബ് | 11,12 |
| 10. | മോക്ക്പാർലമെന്റ് | ജനാധിപത്യബോധം വളർത്തുന്നതിനായി സോഷ്യൽപാർലമെന്റ് ഇലക്ഷൻ, മോക്ക്പാർലമെന്റ് നിയമസഭാ സന്ദർശനം എന്നിവ നടത്തുന്നു. | ആഗസ്റ്റ് സെപ്തംബർ 8,9,10 | സോഷ്യൽസയൻസ് അധ്യാപകർ, സോഷ്യൽസയൻസ് ക്ലബ്ബ് | 3,4 |

പരിമിതികൾ

1. സാമൂഹ്യശാസ്ത്ര ലാബിന്റെ അഭാവം.
2. ലൈബ്രറിയിലെ സ്ഥല പരിമിതി.
3. സാമ്പത്തിക പരിമിതി.

# ഗണിതം

ആമുഖം

വിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റത്തിന് കേരളം ഒരുങ്ങുകയാണ്. ഭാഷ പോലെ തന്നെ ഗണിതവും എല്ലാ കുട്ടികളെയും ചെറുപ്പം മുതലേ പഠിപ്പിക്കേണ്ടതാണ്. കുട്ടികളുടെ ഗണിതവത്കരണ ശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എല്ലാ കുട്ടികളെയും ഗണിത പഠനത്തിന് താൽപര്യമുള്ളവരാക്കാൻ നമുക്ക് എന്ത് ചെയ്യാനാവും? കുട്ടികൾക്ക് ഭയം മാറി അവരത് ആസ്വദിക്കുന്ന അവസ്ഥ വരണം. കുട്ടികൾ ഗണിതം താൽപര്യത്തോടെ പഠിക്കണം. ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രിക നടപടിക്രമങ്ങളുമല്ല എന്ന തിരിച്ചറിവുണ്ടാവണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാവണം. ഇതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉറപ്പാക്കേണ്ടത്. ജ്ഞാനനിർമ്മിതിയിലധിഷ്ഠിതമായ പ്രക്രിയ ബന്ധിത പഠനം ഈ ലക്ഷ്യത്തിലേക്ക് നമ്മെ അടുപ്പിക്കും.

സംഖ്യകളും രൂപങ്ങളും സൃഷ്ടിക്കുന്ന കൌതുകങ്ങളുടെയും അന്വേഷണങ്ങളുടെയും ലോകമാണ് ഗണിതം. അറിഞ്ഞ ആശയങ്ങളുടെ പ്രയോഗമാണ് ഗണിത പഠനത്തിൽ നടക്കുന്നത്. ആശയങ്ങൾ അർധപൂർണ്ണതയോടെ അറിയുമ്പോഴാണ് പ്രയോഗം രസകരമാകുന്നത്. ഇങ്ങനെ കുട്ടികളുടെ പ്രകൃതത്തിന് യോജിച്ചവിധത്തിൽ പ്രശ്നാധിഷ്ഠിതമായി ആശയങ്ങള് സമഗ്രതയോടെ കുട്ടികളുടെ മനസിൽ രൂപപ്പെടു-ത്താനും ഗണിതപഠനം ഫലപ്രദമാക്കാനും, ഗണിതത്തിൽ താൽപര്യക്കുറവുള്ള കുട്ടികളെ കുറച്ചുകൂടി മികവിലേക്ക് എത്തിക്കാനും, അതിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ ഗണിതത്തിന്റെ ഉന്നത തലങ്ങളിൽ എത്തിക്കാനും നമുക്ക് ഈ സംരംഭം പ്രയോജനപ്പെടുത്താം. വരും ദിനങ്ങളിൽ ഗണിതത്തിനോട്

ഭിമുഖ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിച്ചെടുക്കാന് നമുക്ക് കൂട്ടായി പ്രയത്നിക്കാം.

യു.പി

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം പിന്തുണ/ |
|---|---|---|---|---|---|
| 1. | കുട്ടികളിൽ പിന്നോക്കക്കാരായവരെ കണ്ടെത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കുക. | മഞ്ചാടിക്കുരു, ഈർക്കിൽ, കളിനോട്ടുകൾ, അബാക്കസ്, മുത്തുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കളികളിലൂടെ ചതുഷ്ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുന്നു. | ഒരു മാസം | ക്ലാസിലെ സമർത്ഥരായ കുട്ടികൾ, ഗണിത അധ്യാപകർ | |
| 2. | ഗണിതത്തിലെ ജ്യാമിതീയ രൂപങ്ങൾ ഉറപ്പാക്കൽ. | കളർ ചോക്കുപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ അധ്യാപിക വരയ്ക്കുന്നു. കുട്ടികൾ അവർക്കിഷ്ടമുള്ള രൂപങ്ങളിൽ നിൽക്കാൻ ആവശ്യപ്പെടുന്നു. ആ രൂപങ്ങളുടെ പേരുകൾ പറയാന് ആവശ്യപ്പെടുന്നു. പേരുകൾക്കനുസരിച്ച് ഗ്രൂപ്പുകൾ തിരിക്കുന്നു. ഓരോ ഗ്രൂപ്പും അവരവരുടെ ഗ്രൂപ്പിന്റെ പേരിന്റെ സവിശേഷത പറയാൻ ആവശ്യപ്പെടുന്നു. ചാർട്ടിൽ രേഖപ്പെടുത്തി | ഒരാഴ്ച | ഗണിത അധ്യാപകർ | 3000/- പൂർവ്വ വിദ്യാർത്ഥികൾ, ടീച്ചേഴ്സ് ഗ്രാന്റ് |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കുന്നു. ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തിയുള്ള ചുമർ ചിത്രങ്ങൾ വരക്കുന്നു. | | | BRC |
| 3. | കുട്ടികളിൽ ഭിന്നസംഖ്യകൾ ഉറപ്പിക്കൽ. | വൃത്തം, ചതുരം, സമചതുരം, ത്രികോണം, പഞ്ചഭുജം എന്നീ ജ്യാമിതീയ രൂപങ്ങളുടെ വിഭജനത്തിലൂടെ ഭിന്നസംഖ്യകൾ എന്ന ആശയത്തിലെത്തുന്നു. ഭിന്നസംഖ്യകളുടെ ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു | ഒരു മാസം | ഗണിത അധ്യാപകർ, ഓരോ ക്ലാസിലെയും പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 4. | ദശാംശസംഖ്യകളും അവയുടെ ക്രിയകളും. | ഛേദം 10, 100, 1000 ഇവ വരുന്ന തുല്യ ഭിന്നങ്ങളാക്കി ദശാംശസംഖ്യകൾ പരിചയപ്പെടുത്തി അവ ഉൾപ്പെടുന്ന ചതുഷ്ക്രിയകൾ ചെയ്യിക്കുന്നു. | ഒരു മാസം | ഗണിത അധ്യാപകർ | |

എച്ച്.എസ്

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം പിന്തുണ/ |
|---|---|---|---|---|---|
| 1. | കുട്ടികളിൽ നിരീക്ഷിക്കാനും ഊഹിക്കാനും തിരിച്ചറിയാനും ഉള്ള ഗണിതശേഷി വികസിപ്പിക്കൽ | ഗണിത ഫെസ്റ്റ്,ഗണിത ക്വിസ്<br>എക്സിബിഷൻ സംഘടിപ്പിക്കൽ<br>ഗണിത ആൽബം നിർമ്മാണം<br>സെമിനാർ സംഘടിപ്പിക്കൽ | ഒരു വർഷം | ഗണിത അധ്യാപകർ | BRC<br>DIET<br>PTA<br>2000/- |
| 2. | മത്സര പരീക്ഷകളിൽ ഗണിതത്തിലെ അവന്റെ താല്പര്യം വളർത്തിയെടുക്കുക. | കുട്ടികളെ 20 പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി ഗണിത ക്വിസ് ഗ്രൂപ്പ് നിർമ്മിക്കുന്നു. കൂടാതെ ഗണിതത്തിലെ ഓരോ വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കി ക്വിസ് കോർണർ നിർമ്മിക്കുന്നു.<br>ഗണിതപുസ്തക വായന | ഒരു മാസം | ഗണിത അധ്യാപകർ, ലൈബ്രറി | ലൈബ്രറി<br>PTA |
| 3. | ലാബ് ശാക്തീകരണം | ഗണിതവാർഷികപ്പതിപ്പ്.<br>ഗണിതഭാഗങ്ങളെ ആസ്പദമാക്കിയുള്ള ഗണിത കഥകൾ, കവിതകൾ, ചിത്രങ്ങൾ | ഒരു വർഷം | PTA<br>അധ്യാപകർ | 5000/-<br>പൂർവ്വവിദ്യാർത്ഥികൾ, |

| | | | | | |
|---|---|---|---|---|---|
| | | എന്നിവ രചിക്കാൻ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി മത്സരം സംഘടിപ്പിക്കുന്നു. | | | MLA/MP ഫണ്ടുകൾ |
| 4. | പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ ഗണിത താല്പര്യം വളർത്തിയെടുക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ് അടിസ്ഥാനത്തിൽ കണ്ടെത്തി ഗണിത കളികൾ, ഗണിത നാടകം എന്നിവയിലൂടെ ഗണിതക്രിയകൾ തറവാക്കുന്ന പ്രവർത്തനങ്ങൾ, മത്സര വിജയികൾക്ക് സമ്മാനം, കൂടാതെ ശ്രദ്ധ, നവപ്രഭ, VIP എന്നിവ സംഘടിപ്പിക്കൽ. | എല്ലാ മാസവും | ഗണിത അധ്യാപകർ | അധ്യാപകർ PTA |
| 5. | ഗണിതചിന്ത വളർത്തൽ | ഗണിത അസംബ്ലി,<br><br>ഗണിത പണ്ഡിതന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെമിനാർ, ഗണിത ബോധവൽക്കരണം. | മാസത്തിൽ ഒരു ദിവസം വർഷത്തിൽ ഒരു തവണ | ഗണിത ക്ലബ് കൺവീനറും അധ്യാപകരും | 1000/- |

# കലാസാംസ്കാരികം

# ആമുഖം

കലാപഠനം ഇന്നും കുട്ടികളുടെ ഔപചാരിക പഠനത്തിനു പുറത്തുതന്നെയാണെന്ന് പറയാം. കലാപഠനം മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കും എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ബഹുമുഖ ബുദ്ധി സിദ്ധാന്തത്തെ , അംഗീകരിക്കുന്ന പാഠ്യപദ്ധതിയാണ് നമുക്കുള്ളത്. എന്നാൽ പഠനപ്രക്രിയയിൽ ഈ പരിഗണന ലഭിക്കുന്നില്ല. സാംസ്കാരികരംഗത്തെ വളർച്ച, പാരമ്പര്യത്തിന്റെ തുടർച്ച എന്നിവ ഉറപ്പാക്കാന് കലാപഠനം സഹായിക്കും.

A.കല - സാംസ്കാരികം - പ്രശ്നങ്ങൾ

അക്കാദമികം

1. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഉള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭിക്കുന്നില്ല.
2. പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനാനുഭവങ്ങൾ നൽകാനുള്ള ഭൌതിക സൌകര്യം ഇല്ല.
3. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും കാണാൻ കഴിയുന്നില്ല.
4. ഭാരതത്തിന്റെയും കേരളത്തിന്റെയും സാംസ്കാരിക കലാ പാരമ്പര്യവും പ്രൌഢിയും തിരിച്ചറിയാനുള്ള അവസരം ഇല്ല.
5. പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി കലാ സാംസ്കാരിക പരിപാടികൾ ഉദ്ഗ്രഥിക്കുന്നില്ല.

6. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല.

7. കുട്ടികൾക്കും അധ്യാപകർക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരമില്ല.

8. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങൾ അറിയുന്നതിനുള്ള സംരംഭങ്ങൾ ഇല്ല.

ഭൌതികം

കലാ സാംസ്കാരിക പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ഭൌതിക സാഹചര്യക്കുറവ്.

സാമൂഹികം

കലാ സാംസ്കാരിക പ്രവർത്തനങ്ങൾ, സ്കൂളിലെ മറ്റ് പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിനും വിവിധ സാമൂഹിക കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനവും ഇനിയും ചെയ്യപ്പെടേണ്ടതുണ്ട്.

പ്രശ്നവിശകലനം

മേഖല : അക്കാദമികം

പ്രശ്നം : എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തുകയോ പ്രോത്സാ- ഹിപ്പിക്കുകയോ ചെയ്യുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| <u>കുട്ടികൾ:</u> സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞിട്ടില്ല.<br><u>അധ്യാപകർ:</u> കുട്ടിയുടെ കഴിവുകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമില്ല.<br><u>സംവിധാനം:</u> എല്ലാവരെയും പരിഗണിക്കുന്നില്ല. കലാകാ-യിക മേഖലക്ക് | 1.കുട്ടികളുടെ കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സംഘടി പ്പിക്കുക.<br>2.കുട്ടികൾക്ക് കലാപഠനത്തിന് അവസരമൊരുക്കുക.<br>3.പ്രാദേശികവിഭവങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്തുക.<br>4രക്ഷിതാക്കൾക്ക് ബോധവത്ക്കര-ണം<br>കലാപ്രകടനങ്ങൾക്ക് അവസരം ഒരുക്കുക. | 1.പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കൽ.<br>2.Talent lab<br>3.PTA ബോധവത്ക്കരണം (കല) |

| | | |
|---|---|---|
| വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല. എല്ലാവരും പങ്കെടുക്കണമെ-ന്ന് നിഷ്കർഷയില്ല<br><br>രക്ഷിതാക്കൾ: കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞിട്ടില്ല. കലാപഠനം പ്രധാനമാണെന്ന് അറിയില്ല. സ്കൂളിലെ അവസരത്തെ- ക്കുറിച്ച് അറിയില്ല. | | |

# പ്രവർത്തിപഥം

# ആമുഖം

എല്ലാ കുട്ടികളിലുമുള്ള നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനും വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാലയങ്ങളിൽ പ്രവൃത്തിപഠനം കൂടിയെ തീരു. വിദ്യാലയങ്ങളിൽ നടക്കുന്ന പഠനപ്രവർത്തനത്തെ സർഗ്ഗാത്മകവും താൽപ്പര്യജനകവുമാക്കുന്നതിനുള്ള ഒരിടപെടലാണ് ക്ലബ്ബുകൾ. വിഷയതലത്തിലും പൊതുവായും ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുമുണ്ട്.

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ക്ലബ്ബ് പ്രവർത്തനത്തിന്റെ പ്രാധാന്യം കുട്ടി തിരിച്ചറിയുന്നു | ക്ലബ്ബ് രൂപീകരണം | ജൂൺ | 5 - 10 W.E Teacher | |
| 2. | തൊഴിലിനോടുള്ള അഭിരുചി വളർത്തുന്നു. | വിവിധതരം നിർമ്മാണ പ്രവർത്തനങ്ങൾ | ജൂൺ - ജനുവരി | 5 - 9 W.E Teacher | PTA Fund |
| 3. | കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രദർശനം | ആഗസ്റ്റ് | 5 - 10 W.E Teacher | |
| 4. | വിഷയബന്ധിതമായി മികവിന്റെ കേന്ദ്രങ്ങളാകുന്നു. | പഠന സാമഗ്രികളുടെ നിർമ്മാണം | ജൂൺ - ജനുവരി | 5 - 10 W.E Teacher | |

| | | | | | |
|---|---|---|---|---|---|
| 5. | കുട്ടികളിൽ കൃഷിരീതികൾ പരിപോഷിപ്പിക്കുന്നതിന് | വിത്ത് ശേഖരണം, ജൈവകീടനാശിനി നിർമ്മാണങ്ങൾ | ജൂൺ - ജൂലൈ | 5 - 10 W.E Teacher | |
| 6 | ശുചിത്വബോധം കുട്ടികളിൽ എത്തിക്കുന്നതിനും ആരോഗ്യമുള്ളവരാക്കുന്നതിനും വേണ്ടി. | ശുചീകരണ പ്രവർത്തനങ്ങൾ (ലോഷൻ നിർമ്മാണം) | സെപ്തംബർ- ഒക്ടോബർ | 5 - 10 W.E Teacher | നിർമ്മാണപ്രവർത്തനത്തിലൂടെയുള്ള വരുമാനം |
| 7 | കുട്ടികളിലുള്ള നൈസർഗികമായ കലാവാസനകൾ തിരിച്ചറിയുന്നതിന് | കുട്ടികളെ മേളകൾക്ക് പരിശീലനം നടത്തുന്നു | ആഗസ്റ്റ് - നവംബർ | 5 - 10 W.E Teacher | |
| 8 | പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി | പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ | ജൂൺ മാർച്ച് | 5 - 10 W.E Teacher | |

# ആരോഗ്യ

# കായിക

# വിദ്യാഭ്യാസം

# ആമുഖം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും, മാനസികവും, സാമൂഹികവും, വൈകാരികവുമായ വികാസത്തിന് കായിക വിദ്യാഭ്യാസവും യോഗചര്യകളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു.

( L.E.F 2005 ) കായികക്ഷമതയ്ക്ക് പുറമെ കുമാരി കുമാരൻമാരുടെ ആരോഗ്യ പ്രശ്നങ്ങൾ, ശാരീരിക വളർച്ച, കൌമാര പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച് അവബോധവും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതോടൊപ്പം താല്പര്യമുള്ള കായിക മേഖലകൾ തിരഞ്ഞെടുത്ത് മികവുള്ളതായിരിക്കുന്നതിനുള്ള അവസരവും ഉറപ്പാക്കണം.

A. ആരോഗ്യ കായിക വിദ്യാഭ്യാസം - പ്രശ്നങ്ങൾ

അക്കാദമികം

a) എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

b) കായികക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ ക്ലാസുകളിലും നടപ്പാക്കുന്നതിന് അനുവദിച്ച പീരിഡ് അപര്യാപ്തമാണ്.

c) വൈവിധ്യമാർന്ന കായികപ്രവർത്തനങ്ങൾ പരിശീലിപ്പിക്കാൻ വേണ്ടത്ര പരിശീലകരില്ല.

d) കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളും, രക്ഷിതാക്കളും, സമൂഹവും പൂർണ്ണമായും തിരിച്ചറിയുന്നില്ല.

e) കായിക വിദ്യാഭ്യാസത്തിന്റെ പീരിഡ്സ് ക്രമീകരിക്കുന്നതിന് പരിമിതികള് ഉണ്ട്.

f) ഓരോ കുട്ടികൾക്കും പോഷകാഹാരം നിർണ്ണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭിക്കുന്നില്ല.

ഭൗതികം

a) പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൌകര്യമില്ല. ( Indoor stadium, യോഗ പ്രവർത്തനം, ജിംനേഷ്യം, Swimming pool )

b) ഫുട്ബോൾ, ഹോക്കി എന്നി കളികൾക്ക് അനുയോജ്യമായ ടർഫ് സൌകര്യമില്ല.

c) Jumping pit ( Tripple jump, Long jump ) Pol valt, High jump എന്നിവയ്ക്കുള്ള jumping mat ഇല്ല.

d) കുട്ടികൾ കായിക പ്രവർത്തനങ്ങളില് ഏർപ്പെടുന്നതിന് മുമ്പും ശേഷവും വസ്ത്രം. മാറുന്നതിനും ശരീരം ശുദ്ധിയാക്കുന്നതിനും ഉള്ള സൌകര്യമില്ല.

e) പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ച് ലഭിക്കുന്നില്ല.

f) കായിക പഠനത്തിന് ആവശ്യമായ കായിക ഉപകരണങ്ങള് ഇല്ല.

സാമൂഹികം

a) നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകളുടെ സേവനം വിദ്യാലയങ്ങളില് ലഭിക്കുന്നില്ല.

b) പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സംബന്ധിച്ചുള്ള അറിവ് എത്തിക്കുന്നതിനുള്ള പരിപാടികളില്ല.

B. പ്രശ്ന വിശകലനം

മേഖല : അക്കാദമികം

പ്രശ്നം 1 : എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|

| | | |
|---|---|---|
| <u>കുട്ടികൾ:</u><br>1.കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പെൺകുട്ടി- കള് വിമുഖത കാണിക്കുന്നു.<br>2.മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികള് കായിക വിദ്യാഭ്യാസത്തിനു നല്കുന്നി-ല്ല.<br>3.അനുയോജ്യമായ താൽപ്പര്യമുള്ള കായിക പ്രവർത്തനത്തിന് സൌകര്യം ഇല്ല.<br><u>അധ്യാപകർ:</u><br>1.മുൻ അനുഭവമില്ലാത്ത കുട്ടികളെ പരിശീലിപ്പിക്കുന്ന-തിനുള്ള പ്രസാസം.<br>2.എല്ലാ മേഖലകളിലും | 1.കായികക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു.<br>2.എല്ലാവിധ കായികപഠനത്തിനുള്ള സൌകര്യമൊരുക്കുന്നു.<br>3.എല്ലാ കുട്ടികളെയും നീന്തല് പഠനം ഉറപ്പാക്കൽ.<br>4.എൽ.പി, യു.പി ക്ലാസുകളിൽ കായിക പഠനത്തിന് അവസരമൊ-രുക്കൽ.<br>5.വൈവിധ്യമാർന്ന കായിക പഠനത്തിന് അവസരമൊരുക്കൽ.<br>6.പ്രാദേശിക കായിക പ്രതിഭകളുടെ സേവനം ഉറപ്പാക്കൽ.<br>7രക്ഷാകർതൃ ബോധവത്കരണ പരിപാടി നടപ്പാക്കൽ. | 1ടാലന്റ് സെർച്ച് പ്രോഗ്രാം.<br>2.കുട്ടികളുടെ കായിക ശില്പ-ശാല<br>3. വൈവിധ്യമാർന്ന കായിക പരിശീലനം<br>4.സമ്പൂർണ്ണ നീന്തല് സാക്ഷരത<br>5.എൽ.പി, യു.പി തലങ്ങളിൽ കായിക അധ്യാപക സേവനം.<br>6.പ്രാദേശിക കായിക പരിശീലകരുടെയും പ്രതിഭകളുടെയും ശിൽപശാല.<br>7.രക്ഷാകർതൃ ബോധവത്കരണം.<br>8.ഭൗതിക സൌകര്യമൊരുക്കൽ. |

| | | |
| --- | --- | --- |
| പരിശീലനം നല്കുവാൻ കഴിയുന്നില്ല.<br>രക്ഷിതാക്കൾ:<br>1.കുട്ടികളുടെ കായികപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് താൽപ്പര്യമില്ല.<br>2.കായികക്ഷമത പ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടില്ല.<br>സംവിധാനം:<br>1.കായിക പ്രവർത്തങ്ങൾക്ക് വേണ്ട സൌകര്യമില്ല.<br>2.താഴെ ക്ലാസുകളിൽ കായിക പഠനത്തിന് അധ്യാപകരില്ല, സൌകര്യമില്ല.<br>3.കായിക പഠനത്തിന് | 8.കായിക പ്രവർത്തനങ്ങൾക്ക് വേണ്ട സൌകര്യമൊരുക്കൽ.<br>9.പീരിഡുകൾ വർദ്ധിപ്പിക്കൽ.<br>10.സ്പോട്സ് കൌൺസിലിന്റെ സേവനം ഉറപ്പാക്കൽ. | 9.പഠനസമയം വർദ്ധിപ്പിക്കൽ.<br>10.സ്പോട്സ് കൌൺസിലിന്റെ സഹായം |

| | | |
|---|---|---|
| ആവശ്യമായ പീരിഡ് ഇല്ല. | | |

C. പരിഹാര പ്രവർത്തനം-വിശദാംശങ്ങൾ

a) Talent Search Programme : കുട്ടികൾക്ക് താല്പര്യമുള്ള കായിക ഇനങ്ങൾ തിരഞ്ഞെടുക്കാന് അവസരങ്ങൾ നൽകുകയും ഒരേ ഇനം ലഭിച്ച കുട്ടികളെ നിശ്ചിത മേഖലയുടെ പ്രാഥമികശേഷി നിലവാരം അളക്കുന്നതിനും നിശ്ചിത ഇനത്തിൽ കുട്ടിക്കുള്ള സാധ്യത കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തണം. തുടർന്ന് നിശ്ചിത മേഖലയിൽ കൂടുതൽ വിദഗ്ധരുടെ സഹായത്തോടെ പരിശീലനം നൽകണം. ഓരോ ഇനത്തിനും ( ഉദാ:100 മീ. ഓട്ടം, High jump ) രക്ഷിതാക്കളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ടീം നേതൃത്വം നൽകണം. സമഗ്രമായ നേതൃത്വം കായിക അധ്യാപകർ ഏറ്റെടുക്കണം.

b) കായിക ശിൽപശാല : കായിക മേഖല തെരഞ്ഞെടുത്ത മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഏകദിന ശിൽപശാല സംഘടിപ്പിക്കും. ശിൽപശാലയിൽ കായിക പഠനത്തിന്റെ പ്രാധാന്യം, സാധ്യതകള് എന്നിവ വിദഗ്ദരായ കായിക അധ്യാപകര് വിശദമാക്കും. പരിപാടിയുടെ ഉദ്ഘാടനം ക്ലാസിൽ രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ ഉണ്ടാവണം. തുടർന്ന് ഇനം തിരിച്ചുള്ള ഗ്രൂപ്പുകളില് പ്രവർത്തനങ്ങൾ നടക്കും.

c) കായിക പരിശീലനം : എല്ലാ ആഴ്ചയിലും രാവിലെയും വൈകുന്നേരവും കായിക പരിശീലനം സംഘടിപ്പിക്കും. കുട്ടികളുടെ ഹാജർ നിർബന്ധമാക്കും. നിശ്ചിത മേഖലയിൽ കഴിയുന്നത്ര വിദഗ്ദരുടെ പരിശീലനം ഉറപ്പാക്കും. കുട്ടികൾക്ക് മികച്ച ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ടീം നടത്തും. മികവ് പുലർത്തുന്നവരെ ഉപജില്ല, ജില്ല, സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കും.

d) നീന്തൽ സാക്ഷരത : വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം ഉറപ്പാക്കുന്ന പ്രവർത്തനമാണിത്. നീന്തൽ കുളം സ്കൂളിന് സ്വന്തമായി ഉണ്ടാകുന്നതുവരെ മറ്റു ജലസ്രോതസ്സുകളെ ആശ്രയിക്കും. രക്ഷിതാക്കളുടെ പിന്തുണയും സാന്നിധ്യവും ഈ പരിപാടിക്ക് അനിവാര്യമാണ്.

e) പ്രൈമറി സ്കൂളിലെ കായിക പഠനം : കളമൊരുക്കൽ കായികക്ഷമതയും കളികളിലുള്ള താൽപര്യവും പ്രീ-പ്രൈമറി മുതൽ വളർത്തിയെടുക്കുന്നതിനുള്ള സംവിധാനം വേണം. പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ എൽ.പി വിദ്യാലയങ്ങളിലെ കായിക പരിശീലനത്തിനുള്ള സംവിധാനം ഉറപ്പാക്കും. ഇത് ഹൈസ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസത്തിന്റെ മികവ് ഉയർത്താൻ സഹായകമാകും.

f) പ്രാദേശിക പ്രതിഭയുടെ ശിൽപശാല : പ്രാദേശിക കായിക പ്രതിഭകളെ കണ്ടെത്തി അവരുടെ പങ്കാളിത്തത്തോടെ വിദ്യാലയങ്ങൾ നടത്താം എന്നത് സംബന്ധിച്ച് ചർച്ചകൾക്കും പ്രകടനങ്ങൾക്കും വേണ്ടിയാണ് ഈ ശില്പശാല. പ്രതിഭകളെ ആദരിക്കുന്നതിനും ഈ സന്ദർഭം ഉപയോഗപ്പെടുത്താം.

g) ഭൌതിക സൌകര്യങ്ങൾ : Indoor stadium, Gymnasium, Swimming pool, Jumping pit, എന്നിവ നിർമ്മിക്കൽ, കളിക്കളം ടർഫ് ചെയ്യൽ, കായിക ഉപകരണങ്ങൾ ലഭ്യമാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്ന് വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകും. ഇതിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തയ്യാറായി സമർപ്പിച്ചിട്ടുണ്ട്.

h) പഠന സമയം : കായിക പഠനത്തിന് ടൈംടേബിൾ നൽകിയ സമയം കൃത്യമായി ഉപയോഗപ്പെടുത്തുക. ശനിയാഴ്ചകളിൽ ആവശ്യാനുസരണം പഠന പദ്ധതി നടപ്പിലാക്കുക. കായിക ഇനങ്ങളുടെ സ്വഭാവമനുസരിച്ച് രാവിലെയും

വൈകുന്നേരവും ഉപയോഗപ്പെടുത്തുക. കായിക അധ്യാപകന്റെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാം.

i) സ്പോർട്സ് കൗൺസിൽ : ജില്ലാ സ്പോർട്സ് കൗൺസിൽ, ഫി.എഡ്യൂക്കേഷണൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലെ വൈദഗ്ധ്യം ഉപയോഗപ്പെടുത്താം. ക്ലാസുകൾ, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും.

D. പ്രവർത്തന പദ്ധതി പരിശീലനം

മേഖല : അക്കാദമികം

പ്രശ്നം 1 : എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

പ്രവർത്തനം : Talent search

ലക്ഷ്യം : കായിക പഠനത്തിൽ സവിശേഷ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അനുഭവങ്ങൾ നല്കുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1.കായിക പ്രവർത്തനത്തിനു താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി ഇനം നിശ്ചയിക്കൽ. 8std | കായിക സമിതി | ജൂൺ 17 | | |
| 2.നിശ്ചിത മേഖലയിൽ കുട്ടികളുടെ അറിയാനുള്ള പ്രവർത്തനം | കായിക സമിതി | ജൂലൈ17 | | |
| 3.ഓരോ ഇനത്തിനും ഉപസമിതിയെ കണ്ടെത്തണം. ( രക്ഷിതാവ്, ടീച്ചർ, പൂർവ്വ വിദ്യാർത്ഥി, പരിശീലകർ ) | കായിക സമിതി | ജൂൺ 17 | | |
| 4.ഓരോ ഇനത്തിനുമുള്ള കുട്ടികളുടെ ഉപസമിതി അംഗ-ങ്ങളുടെ | കായിക സമിതി | ജൂലൈ17 | | |

| | | | | |
|---|---|---|---|---|
| പേരുവിവരം രജിസ്റ്റർ തയ്യാറാക്കൽ | | | | |
| 5.പ്രതിവാര പരിശീലന പരിപാടി | | ജൂലൈ17 മെയ് 19 | 10000/- | PTA |

പ്രവർത്തനം - 1:2 കായിക ശില്പശാല

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1.കുട്ടികളെയും രക്ഷിതാക്കളെ-യും ക്ലാസ്സെടുക്കുന്നവരെയും അറിയിക്കൽ | കായിക സമിതി | ജൂലൈ17 | | SSA |
| 2.ശില്പശാല സൂക്ഷ്മാസൂത്രണം | കായിക സമിതി | ജൂലൈ17 | 10000/- | SSA |
| 3.പഠനക്ലാസ്, ഗ്രൂപ്പ് പ്രവർത്തനം. | കായിക സമിതി | ജൂലൈ17 | | SSA |
| 4.വിലയിരുത്തൽ | കായിക | ജൂലൈ17 | | SSA |

| | | | | |
|---|---|---|---|---|
| | സമിതി | | | |

പ്രവർത്തനം - 1:3 കായിക പരിശീലനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1.കായികപഠന സംഘങ്ങൾ രൂപീകരിക്കൽ | കായിക സമിതി | ജൂലൈ17 | | |
| 2പഠന സംഘങ്ങൾക്ക് പരിശീലകരെയും സഹായ സംഘത്തെയും ( രക്ഷിതാവ്, അധ്യാപകൻ, പൂർവ്വവിദ്യാ-ർത്ഥികൾ ) സമിതി കണ്ടെത്തൽ | കായിക സമിതി | ജൂലൈ17 | | PTA Spousex |
| 3.ടൈംടേബിൾ തയ്യാറാക്കൽ പരിശീലനം | കായിക സമിതി | ജൂലൈ മെയ് | 25000/- | PTA |

പ്രവർത്തനം - 4 നീന്തൽ സാക്ഷരത

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1.നീന്തൽ അറിയാവുന്ന കുട്ടികളെ കണ്ടെത്തൽ | ക്ലാസ് ടെസ്റ്റ് | ജൂൺ | | |
| 2.നീന്തൽ പഠനം ആവശ്യമായ കുട്ടികളുടെ എണ്ണം ക്ലാസ് തലത്തിൽ ശേഖരിക്കൽ | ക്ലാസ് ടെസ്റ്റ്, കായിക അധ്യാ-പകൻ | ജൂൺ | | |
| 3രക്ഷാകർത്യ ബോധവത്ക്ക-രണം, വിദ്യാർത്ഥികളെ ബോധവത്ക്കരണം ക്ലാസ് പി.റ്റി.എ.യിൽ | ക്ലാസ് ടെസ്റ്റ്, കായിക അധ്യാ-പകൻ | ജൂലൈ | | |
| 4.പരിശീലകരെ കണ്ടെത്തൽ (ആൺ, പെൺ) | ടീം പ്രോജക്ട് | ആഗസ്റ്റ് | | |
| 5.പരിശീലനത്തിന് അനുയോജ്യ മായ ജലാശയങ്ങളെ കണ്ടെത്തി | ടീം പ്രോജക്ട് | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| ഉറപ്പാക്കൽ | | | | |
| 6.ഒഴിവു ദിവസങ്ങളിൽ പരിശീലനം - ഉത്ഘാടന നീന്തൽ താരം | ടീം പ്രോജക്ട് | ഡിസം. | 40000/- | വികസന സമിതി |
| 7.സമ്പൂർണ്ണ നീന്തൽ സാക്ഷരത പ്രഖ്യാപനം ദേശീയ നീന്തൽ താരം | ടീം പ്രോജക്ട് | ജനു.2018 | 5000/- | വികസന സമിതി |

# പ്രശ്നങ്ങൾ

# വെല്ലുവിളികൾ

അക്കാദമികം

- അഞ്ചു മുതൽ പത്തു വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.റ്റി സാധ്യതകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- പഠന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും നൂതന പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സഹായകമായി ഗവേഷണാത്മകമായ രീതിയിൽ ക്ലാസുകൾ കിട്ടുന്നില്ല.
- കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- കുട്ടികൾക്കും അധ്യാപകർക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
- വിദ്യാലയ പ്രവർത്തനങ്ങൾ മാധ്യമങ്ങളിൽ കൂടി പൊതുജനങ്ങളെ അറിയിക്കുന്നത് കാര്യക്ഷമമാകുന്നില്ല.

ഭൗതികം

- പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് അനുയോജ്യമായ ഇരിപ്പിട സൗകര്യം, ഐ.സി.റ്റി സൗകര്യം എന്നിവയുള്ള ക്ലാസ് മുറികളുടെ അഭാവം.
- ഭിന്ന നിലവാരക്കാരുടെ പഠന പ്രവർത്തനങ്ങൾക്കും ശാരീരിക മാനസിക വികാസത്തിനും അനുയോജ്യമായ റിസോഴ്സ് റൂമിന്റെ അഭാവം.
- അത്യന്താധുനികമായി സജ്ജീകരിക്കപ്പെട്ട ഗണിതലാബ് , ലൈബ്രറി, ലബോറട്ടറി, ഐ.ടി ലാബ് എന്നിവയുടെ അഭാവം.
- എല്ലാ ക്ലാസ് മുറികളിലും ഐ.ടി അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന് അവശ്യമായ സാങ്കേതിക സൗകര്യങ്ങളുടെ അഭാവം.
- പാഠ്യപദ്ധതി നിർദ്ദേശമനുസരിച്ചുള്ള കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യങ്ങളുടെ അഭാവം.

സാമൂഹികം

- വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പിക്കപ്പെടുന്നില്ല.
- പൂർവ്വവിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, പി.ടി.എ എന്നിവയുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
- സങ്കുചിത ചിന്തകളും മനോഭാവങ്ങളും മാറ്റിനിർത്തി വിപ്ലവാത്മകമായി ചിന്തിക്കുകയോ പ്രവർക്കുകയോ ചെയ്യാത്ത കുട്ടികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഇടപെടൽ.
- കലാ സാംസാകാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാടില്ലായ്മ.